
# ജാമക്കാരൻ
# JAMAKKARAN

ജാ
മ
ക്കാ
ര
ൻ
JAMAKKARAN

VOLUME - 6 Reg NO.TNBIL/2016/70171 ISSUE - 2
FEBRUARY - 2022 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=



**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. **9894261333** **This No. is for SMS Purpose only**



കർത്താവിൽ പ്രിയരെ,

2022 –ാം വർഷം രണ്ടാമത്തെ മാസത്തിലേക്ക് നാം കടന്നിരിക്കുന്നു. കോവിഡിന്റെ 3–ാം തരംഗവും വന്നു കഴിഞ്ഞു. അമേരിക്കയിലും യൂറോപ്പിലും ഈ മൂന്നാംതരംഗം ബാധിച്ച് ലക്ഷക്കണക്കിനു മനുഷ്യർ ആശുപത്രികളിലും ഭവനങ്ങളിലുമായി കഴിയുന്നു. ഇന്ത്യയിലും **ഒമിക്രോണിന്റെ** വ്യാപനം കൂടുതലായി റിപ്പോർട്ടു ചെയ്തു കൊണ്ടിരിക്കുന്നു. പുതിയ വൈറസുകളും പുതിയ രോഗങ്ങളും പ്രകൃതി ക്ഷോഭങ്ങളും **കേരളത്തിലാണ് കൂടുതലായി** റിപ്പോർട്ടു ചെയ്യപ്പെടുന്നത്. അതിന്റെ കാരണങ്ങൾ ഗവേഷകർക്കുപോലും കണ്ടു പിടിക്കുവാൻ കഴിയുന്നില്ല. മാത്രമല്ല, കേരളത്തിലും തമിഴ്നാട്ടിലും ഉള്ള കള്ളപ്രവാചകന്മാർ പോലും വായ് തുറക്കുന്നില്ല.

യഥാർത്ഥവിശ്വാസികൾ ഏതു പ്രതിസന്ധികളെയും നേരിടുവാൻ ഒരുങ്ങിയിരിക്കണം. സർക്കാരും ആരോഗ്യപ്രവർത്തകരും നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കുവാൻ എല്ലാവരും തയ്യാറാകണം.

# FEBRUARY- 2022

വിദ്യാസമ്പന്നരായിരുന്നിട്ടും മാസ്ക് ഉപയോഗിക്കുവാൻ പോലും പലരും മടിക്കുന്നു. ഒടുവിൽ പോലീസിനും ഇക്കാര്യത്തിൽ ഇടപെടേണ്ടി വരുന്നു. പ്രത്യേകമായി മൂക്കും വായും അടച്ചു വയ്ക്കണം എന്നാണ് നിർദ്ദേശം. എന്നാൽ പലരും വായ് മൂടിയിട്ട് മൂക്ക് മറയ്ക്കുന്നില്ല. മൂക്ക് മറയ്ക്കുന്നത് പലർക്കും ബുദ്ധിമുട്ടുള്ള കാര്യം തന്നെയാണ്. കാരണം, നാം പുറത്തു വിടുന്നതു തന്നെ തിരികെ വലിച്ചു കയറ്റുമ്പോൾ അത് ശ്വാസകോശങ്ങളെ ബാധിക്കും. പക്ഷേ, പൊതുസ്ഥലങ്ങളിൽ പ്രവേശിക്കുമ്പോൾ, മറ്റൊരാൾ തുമ്മുമ്പോൾ, അതിലെ രോഗാണുക്കൾ വായുവിൽക്കൂടി 8 കിലോമീറ്റർ വരെ വ്യാപിക്കുവാൻ സാധ്യതയുണ്ട്. ആയതിനാൽ, രോഗം പടരാതിരിക്കുവാൻ നാമും മൂക്കും വായും മൂടിക്കൊണ്ട് എപ്പോഴും ജാഗ്രതയോടെ ആയിരിക്കേണം. ചില നല്ല സ്ഥലങ്ങളിൽ പ്രവേശിക്കുമ്പോൾ വേണമെങ്കിൽ അൽപസമയം മൂക്കിലെ മറ നീക്കി കാർബൺഡയോക്സൈഡ് (അശുദ്ധവായു) പുറത്തേക്ക് വിട്ട് ഓക്സിജൻ (ശുദ്ധവായു) സ്വീകരിക്കാം. തുടർന്ന് വീണ്ടും മൂക്കിനെ മറയ്ക്കുക. ഇതിലൂടെ നമുക്ക് ഏറെ സംരക്ഷണം ലഭിക്കും. കൂടെക്കൂടെ സോപ്പുപയോഗിച്ച് കൈകൾ കഴുകുന്നത് നല്ലതാണ്. കൈകൾ കഴുകാതെ ഒരിക്കലും മൂക്കിനടുത്തേക്ക് കൈകൾ കൊണ്ടു പോകരുത്. കൈകൾ വഴിയായോ, മൂക്ക് വഴിയായോ അല്ലാതെ ഈ വൈറസുകൾക്ക് നമ്മുടെ ശരീരത്തിൽ പ്രവേശിക്കുവാൻ ഒരിക്കലും സാധ്യമല്ല.

## ഈ മാസം ചിന്തിക്കേണ്ട പ്രധാന വിഷയം : വെളി. 2:2

## “അപ്പൊസ്തലന്മാരല്ലാതിരിക്കെ തങ്ങൾ അപ്പൊസ്തലന്മാർ എന്നു പറയുന്നവരെ നീ പരീക്ഷിച്ചു കള്ളൻമാർ എന്നു കണ്ടത്”

മുകളിൽ കണ്ട ഈ വചനം ജയിലിൽ കഴിയവെ യോഹന്നാനുണ്ടായ ദർശനത്തെ, അന്നത്തെ തെരഞ്ഞെടുക്കപ്പെട്ട ഏഴു സഭകളെ ഉൾപ്പെടുത്തി ആ സഭകളെ അറിയിക്കുന്നതാണ്. അന്നത്തെ കാലത്ത് **ധാരാളം സഭകൾ** ഉണ്ടായിരുന്നു. അതിൽ **ഏഴു സഭകളെ** മാത്രമാണ് ദൈവം തെരഞ്ഞെടുത്തത്. ഈ 7 സഭകൾക്കും അറിയിച്ച **മുന്നറിയിപ്പും ഉപദേശങ്ങളും** ഇപ്പോഴുള്ള

**എല്ലാ സഭകൾക്കും** യോജിച്ചതാണ്. ശിഷ്യൻമാർ ജീവിച്ചിരുന്ന കാലത്തിൽ തന്നെ **അപ്പൊസ്തലൻമാർ** എന്നും പറഞ്ഞ് ധാരാളം പേർ ചുറ്റിക്കൊണ്ടിരുന്നു. അതുപോലെ, ഇക്കാലത്തും അനേകം പേർ തങ്ങളുടെ പേരുകൾക്കു മുമ്പിൽ **അപ്പോസ്തലൻ** എന്ന പേര് നൽകിയാണ് ലെറ്റർ പാഡൊക്കെ അച്ചടിച്ചു വയ്ക്കുന്നത്. **അപ്പൊസ്തലൻ എന്ന പേര് ലോകത്തിൽ ഒരാൾക്കും ഉപയോഗിക്കുവാൻ പാടില്ല**. യേശുക്രിസ്തുവിനാൽ നേരിട്ട് **തെരഞ്ഞെടുക്കപ്പെട്ട 12 പേർ** അല്ലാതെ മറ്റാരും **അപ്പൊസ്തലൻ** എന്നു പേർ വിളിക്കുവാൻ പാടില്ല. പുതിയ നിയമത്തിൽ **ബെർണബാസ്** എന്ന മനുഷ്യൻ അപ്പൊസ്തലൻ എന്നു വിളിക്കപ്പെട്ടു. അപ്പൊസ്തലൻ എന്ന വാക്കിന് അയയ്ക്കപ്പെട്ടവൻ എന്നർത്ഥം. ബെർണബാസ് സഭയാൽ സുവിശേഷം അറിയിക്കുവാൻ അയയ്ക്കപ്പെട്ടവനാണ്. പക്ഷേ, **യേശുക്രിസ്തുവിനാൽ തെരഞ്ഞെടുക്കപ്പെട്ടവനല്ല**. ഇസ്ക്കര്യോത്ത് മരണപ്പെട്ടശേഷം ആ സ്ഥാനത്ത് ശിഷ്യൻമാർ പ്രാർത്ഥിച്ച് രണ്ടു പേരിൽ ഒരാൾ നറുക്കെടുപ്പിലൂടെ അപ്പൊസ്തലനായി തെരഞ്ഞെടുക്കപ്പെട്ടു. പ്രാർത്ഥിച്ചു തന്നെ തെരഞ്ഞെടുത്തുവെങ്കിലും യേശുക്രിസ്തു അത് അറിഞ്ഞുവോയെന്നറിയില്ല. ഈ വഴിയിലൂടെ തെരഞ്ഞെടുക്കുവാൻ പാടില്ല. ശിഷ്യൻമാരാൽ തെരഞ്ഞെടുക്കപ്പെട്ട **മത്ഥിയാസ്** എന്ന വ്യക്തിയെ പുതിയനിയമത്തിൽ മറ്റൊരിടത്തും രേഖപ്പെടുത്തിയിട്ടില്ല. കാരണം, ഇസ്ക്കര്യോത്തിന്റെ സ്ഥാനത്തിൽ ദൈവം നേരത്തെ **ശൗൽ എന്ന വ്യക്തിയെ തെരഞ്ഞെടുത്തു**. അവനെ **പൗലോസ്** ആക്കി, **അനന്യാസ് അവനെ കൈവച്ചു പ്രാർത്ഥിച്ച്**, ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ട് **അപ്പൊസ്തലനാക്കി**. പൗലോസിനെ അപ്പൊസ്തലൻ എന്ന പദവിക്ക് യോഗ്യനാക്കുവാൻ കർത്താവ് അവനെ അറബ് ദേശത്തേക്കു കൊണ്ടുപോയി. **3 വർഷം** യേശുക്രിസ്തു **തന്നെ അവന് വെളിപ്പെടുത്തി**. അങ്ങനെ അവനെ വെളിപ്പെടുത്തുമ്പോൾ, യേശു ജനിച്ച സ്ഥലം, സംഭവങ്ങൾ എല്ലാം കാണിച്ചു കൊടുത്ത്, ചെറിയ പ്രായത്തിൽ തന്നെ പുരോഹിതൻമാരോട് ആലയത്തിൽ വാഗ്വാദം ചെയ്തത്, കാനാവിലെ കല്യാണവീട്ടിൽ നടന്ന അത്ഭുതം, മറ്റ് **എല്ലാ അത്ഭുതങ്ങളും കാണിച്ചു കൊടുത്തു**. മരുഭൂമിയിൽ **പിശാചിനാൽ**

**പരീക്ഷിക്കപ്പെട്ടതും, ഗിരിപ്രഭാഷണ കാര്യങ്ങളും** അവസാനം ശിഷ്യൻമാരോടൊപ്പം **തിരുവത്താഴം കൈക്കൊണ്ട രീതികളും** കാണിച്ചു കൊടുത്തു. യേശുക്രിസ്തു **ക്രൂശിക്കപ്പെട്ട വിധം**, അതിനു മുൻപ് **യേശുക്രിസ്തുവിന്** നേരിടേണ്ടി **വന്ന കഷ്ടതകൾ**, മരിച്ചശേഷം **കല്ലറയിൽ അടക്കപ്പെട്ടതും** മൂന്നാംദിവസം ജീവനോടെ **ഉയർത്തെഴുന്നേൽക്കപ്പെട്ടതുമെല്ലാം** നേരിൽ **കാണിച്ചു കൊടുത്തു**. ഇപ്പോൾ, യേശുക്രിസ്തുവിനെക്കുറിച്ച് എന്തു ചോദിച്ചാലും, അതിന് മറ്റു ശിഷ്യൻമാരെ ആശ്രയിക്കാതെ തന്നെ, മറുപടി പറയുവാൻ **പൗലോസിനെ പരിശീലിപ്പിച്ചു**. അതുകൊണ്ടാണ് 1 കൊരി. 11:17-30 വരെയുള്ള തിരുവചനത്തിൽ തിരുവത്താഴത്തെക്കുറിച്ച് വളരെ വ്യക്തമായും പറയുന്നത്. യേശുക്രിസ്തു തിരുവത്താഴത്തെക്കുറിച്ച് ശിഷ്യൻമാർക്കു കാണിച്ചുകൊടുത്തു. അത് സ്വീകരിക്കുന്നതിനുവേണ്ട യോഗ്യതകളെക്കുറിച്ച് യേശുക്രിസ്തു പറഞ്ഞിട്ടില്ല. ആ യോഗ്യതകളെ പൗലോസ് അപ്പൊസ്തലൻ മുഖേന വെളിപ്പെടുത്തി. അതുകൊണ്ടാണ്, 1 കൊരി. 11:23 -ൽ പൗലോസ് അപ്പൊസ്തലൻ പറയുന്നത്, **"ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്ക് ഏൽപിക്കയും ചെയ്തത്"** എന്ന്. ഇതിന്റെ അർത്ഥം, പത്രോസോ, യോഹന്നാനോ എന്നോട് ഈ വിഷയം പറഞ്ഞിട്ടില്ല എന്നത്രെ. യേശു തന്നെ പൗലോസിനെ തിരുവത്താഴം നടന്ന സ്ഥലത്ത് കൂട്ടിക്കൊണ്ടു പോയി കാണിച്ചുകൊടുത്തു എന്നർത്ഥം. **അപ്പം നറുക്കുന്നതും വീഞ്ഞുപാത്രം ഉയർത്തി വാഴ്ത്തി നൽകുന്നതും**, വാങ്ങി ഭക്ഷിപ്പിൻ എന്നു പറയുന്നതും **നേരിൽ കാണുന്ന** വ്യക്തിക്കു മാത്രമേ അങ്ങനെ ചെയ്യുവാൻ കഴിയുകയുള്ളൂ. അതിന്റെ ശേഷമാണ്, **തിരുവത്താഴം സ്വീകരിക്കുന്നതിനുവേണ്ട യോഗ്യതകളെക്കുറിച്ച് വ്യക്തമായി പറഞ്ഞു** കൊടുക്കുന്നത്. **തിരുവത്താഴം, കുർബാന, വിശുദ്ധ മേശ** എന്നീ പല വാക്കുകളാൽ അറിയപ്പെടുന്ന തിരുവത്താഴം **ഇഷ്ടം പോലെ കൈക്കൊള്ളുവാൻ പാടില്ല**.

**യോഗ്യത നമ്പർ 1**

അവനവൻ **തന്നെത്താൻ പരിശോധിച്ച്** ഇത് കൈക്കൊള്ളണം.

കൊടുക്കുന്നവൻ ആര് അടുത്തുള്ളവൻ ആര് എന്ന് നോക്കാതെ കൈക്കൊള്ളുന്ന **ഞാൻ ഇതിന് യോഗ്യനാണോ** എന്ന് **സ്വയം പരിശോധന ചെയ്യണം**. പാപങ്ങൾ ഏറ്റുപറഞ്ഞ്, ഉപേക്ഷിച്ച്, **യേശുവിന്റെ രക്തത്താൽ കഴുകപ്പെട്ടവനു** മാത്രമേ ഈ തിരുവത്താഴം കൈക്കൊള്ളുവാൻ **യോഗ്യതയുള്ളു**. തിരുവത്താഴം ആരുടെയും പാപത്തെ കഴുകുവാൻ സാധിക്കുകയില്ല. ഒത്തിരി പേർക്ക് ഈ വിഷയത്തിൽ **തെറ്റിദ്ധാരണ** ഉണ്ട്. പാപം കഴുകപ്പെട്ടവരായിരുന്നാൽ മാത്രമേ ഈ തിരുവത്താഴത്തിൽ പങ്കുകൊള്ളുവാൻ കഴിയുകയുള്ളൂ. വേദപുസ്തകം പറയുന്നു: **"നിങ്ങൾക്കു കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും കുടിപ്പാൻ പാടില്ല. നിങ്ങൾക്കു കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ മേശയിലും അംശികൾ ആകുവാനും പാടില്ല"** (1 കൊരി. 10:21). **വചനത്തിന് അനുസരണ കാണിക്കാതെ** തിരുവത്താഴം കൈക്കൊള്ളുമെങ്കിൽ, **രണ്ടു ശിക്ഷകളും അവസാനം മരണവും ഉണ്ടാകും**. ഒന്നാമത്തെ ശിക്ഷ – **ബലഹീനത**, രണ്ടാമത്തെ ശിക്ഷ – **രോഗം** (1 കൊരി. 11:30). **മൂന്നാമത്തേത്** ശിക്ഷയല്ല, **മരണം സംഭവിക്കും** എന്നാണ് പൗലോസ് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട്, ദയവായി **തിരുവത്താഴത്തെ തൊട്ടുകളിക്കരുത്**, അത് **നിസ്സാരമായി** കാണുകയും ചെയ്യരുത്. എല്ലാ സഭകളിലും **തിരുവത്താഴത്തിനു മുൻപ് പാപം ഏറ്റു പറയുന്ന പ്രാർത്ഥന നടത്തും**. ആ സമയത്ത്, നിങ്ങളെത്തന്നെ **സ്വയം പരിശോധന ചെയ്ത്, പാപങ്ങൾ ഏറ്റു പറഞ്ഞാൽ** തിരുവത്താഴം ധൈര്യമായി ഏറ്റുകൊള്ളുവാൻ കഴിയും. ശിക്ഷകളെയും മരണത്തെയും ഓർത്ത്, എനിക്ക് **തിരുവത്താഴം വേണ്ട** എന്നു പറയുന്നതും തെറ്റാണ്. **തിരുവത്താഴം** കൈക്കൊള്ളുന്നവർക്കു കിട്ടുന്ന **അനുഗ്രഹം നിത്യജീവനാണ്**. യേശുക്രിസ്തു, താൻ മടങ്ങി വരുവോളം ഇത് കൈക്കൊള്ളണം എന്നു കൽപിച്ചു. **കൈക്കൊള്ളുന്നത് നല്ലത് എന്നു പറയുന്നത് ഉപദേശമാണ്**. എന്നാൽ കൈക്കൊള്ളണം എന്നു പറയുന്നത് **കല്പനയാണ്**. ആയതിനാൽ, യേശുക്രിസ്തുവിന്റെ കല്പന അനുസരിക്കുന്നത് നമുക്ക് ആവശ്യം. ലോകത്തിൽ, യഹോവസാക്ഷി എന്ന സഭ ഒഴികെ, മറ്റെല്ലാ സഭക്കാരും തിരുവത്താഴം കൈക്കൊള്ളുന്നു. **പൗലോസ്**

**അപ്പൊസ്തലൻ** താൻ ക്രിസ്തുവിനാൽ **തെരഞ്ഞെടുക്കപ്പെട്ട അപ്പോസ്തലൻ** എന്നു തെളിയിച്ചു. വെളിപാടു പുസ്തകത്തിൽ, അവസാനഭാഗത്തിൽ സ്വർഗ്ഗത്തിൽ നിന്നു ഒരു മാളിക ഇറങ്ങിവരും. അതിൽ 2 വാതിലുകളിലും 12 അപ്പൊസ്തലൻമാരുടെ പേരുകൾ എഴുതപ്പെട്ടിരിക്കും എന്നു എഴുതിയിരിക്കുന്നു. അതുകൊണ്ട് **12 അപ്പൊസ്തലൻമാർ** അല്ലാതെ മറ്റാരും **അപ്പൊസ്തലൻ എന്ന പേര് വയ്ക്കുവാൻ പാടില്ല.**

വെളിപാടു പുസ്തകത്തിൽ പരിശുദ്ധാത്മാവ് യോഹന്നാൻ മുഖേന **എഫെസൊസിലെ** സഭക്ക് **എഴുതുമ്പോൾ** അപ്പൊസ്തൻമാർ എന്ന് ധാരാളം ഉണ്ടായിരുന്നതിൽ നിന്നും **യഥാർത്ഥ അപ്പൊസ്തലൻമാരെ** കണ്ടുപിടിച്ചതിനു, പുകഴ്ത്തുന്നതായി കാണാം.

മത്തായി എഴുതിയ സുവിശേഷം 24–ാം അദ്ധ്യായത്തിൽ **കർത്താവിന്റെ വരവിനെക്കുറിച്ചും**, അതിനു മുന്നോടിയായുള്ള **അടയാളങ്ങളെക്കുറിച്ചും** പറയുമ്പോൾ, അവസാന കാലത്തിൽ **കള്ള പ്രവാചകൻമാർ** വെളിപ്പെടും, **കള്ള പ്രസംഗിയാർമാർ** വെളിപ്പെടും എന്നു എഴുതിയിരിക്കുന്നു. എല്ലാ പ്രവാചകൻമാരും നല്ലവണ്ണം പ്രസംഗിക്കും. പക്ഷേ, അവർ **ഏതാത്മാവിനാലാണ്** പ്രസംഗിക്കുന്നത് എന്നു തിരിച്ചറിയുവാനുള്ള **ജ്ഞാനം നമുക്കു വേണം**. കേരളത്തിലും തമിഴ്നാട്ടിലും ഉള്ള **ഭൂരിപക്ഷം ദൈവവേലക്കാരും** വ്യാപാര മനോഭാവത്തോടെ പ്രവർത്തിക്കുന്നവരാണ്. **10,000 രൂപ** കെട്ടിട നിർമ്മാണത്തിനു കൊടുത്താൽ, ദൈവം അതിനെ **10 ലക്ഷമാക്കി നിന്നെ അനുഗ്രഹിക്കും** എന്നു അവർ **പ്രലോഭിപ്പിക്കുന്നു**. അതിന്റെ അടിസ്ഥാനത്തിൽ അവർ ആത്മീക വ്യാപാരികളായി മാറിപ്പോകുന്നു. **40 ദിവസം ഉപവാസം** എന്നും **30 ദിവസം ഉപവാസം** എന്നൊക്കെ പറഞ്ഞ് അവർ **ജനങ്ങളെ വഞ്ചിക്കുന്നു**. എന്നാൽ, പുതിയ നിയമ സഭക്ക് ഈ 40 ദിവസം, 30 ദിവസം ഉപവാസം എന്നൊന്നും പറഞ്ഞിട്ടില്ല. പഴയ നിയമകാലത്ത്, **ന്യായപ്രമാണ് കാലത്തിൽ അത് ഒരു ചടങ്ങായി അനുഷ്ഠിക്കപ്പെട്ടു.** ഈ ഉപവാസയോഗങ്ങൾക്ക് സംഭാവനകളായി പണപ്പിരിവുകൾ നടത്തുന്നു. ദൈവത്തിന്റെ പേരിലാണ് ഇതൊക്കെയും നടത്തപ്പെടുന്നത്. കഴിഞ്ഞവർഷം

സെപ്തംബർ മാസം 14–ാം തീയതി, ലോകപ്രശസ്ത സുവിശേഷകനായ **പോൾ യോംഗിചോ** (ദക്ഷിണ കൊറിയ) മരിച്ചു പോയി. ലോകത്തിലെ **10 ലക്ഷം അംഗങ്ങളുള്ള** ഏറ്റവും വലിയ സഭയാണ് ഇദ്ദേഹത്തിന്റെ സഭ. ആ സഭയുടെ പേര് **"YOIDO FULL GOSPEL CHURCH"** എന്നാണ്. ഈ സഭയുടെ



സ്ഥാപകൻ പോൾ യോംഗിചോ ആണ്. ഇദ്ദേഹത്തിന്റെ മരണവിവരം, ഇൻഡ്യയിൽ പല സഭക്കാരും അവരുടെ മാസികകളിലൂടെ പരസ്യപ്പെടുത്തി. **''കർത്താവിൽ നിദ്ര പ്രാപിച്ചു''** എന്നും **''ദൈവത്തിന്റെ പാദപീഠത്തിൽ എത്തി''** എന്നും പരസ്യപ്പെടുത്തി. അങ്ങനെ പുകഴ്ത്തി എഴുതുന്ന കാര്യത്തിൽ എനിക്ക് യോജിപ്പില്ല. കാരണം, അദ്ദേഹത്തിന്റെ ജീവിതത്തിൽ, തന്റെ സഭകളിലെ **വിശ്വാസികളുടെ കാണിക്കകളെ**, തന്റെ പേരിൽ **ഷെയർ മാർക്കറ്റിൽ** നിക്ഷേപിക്കുകയും അതിലൂടെ **കോടിക്കണക്കിനു** സമ്പത്തിന് ഉടമയായി. സഭക്കാർ അത് കണ്ടുപിടിച്ചു, കോടതിവിധിയിലൂടെ അദ്ദേഹം ജയിലിലുമായി.

തമിഴ്നാട്ടിലും **"യേശു വിളിക്കുന്നു"** എന്ന സംഘടനയിലൂടെ ലഭിച്ച സമ്പത്ത്, **സ്വർണ്ണക്കട്ടിയാക്കി**, ഒളിച്ചു വയ്ക്കുകയും **125 കോടി രൂപ** കോയമ്പത്തൂർ കാരുണ്യ യൂണിവേഴ്സിറ്റിയിലെ **ഗസ്റ്റ് ഹൗസിലുള്ള** ഒരു മുറിയിൽ **ഒളിപ്പിച്ചു വച്ചു**. അത് കേന്ദ്രസർക്കാർ ഏജൻസികൾ മുഖേന കണ്ടുപിടിച്ച്, **ഡോ. പോൾ ദിനകരന്** സമൻസ് അയച്ചു. അപ്പോൾ അദ്ദേഹം തന്റെ താമസസ്ഥലം **കാനഡയിലേക്കു** മാറ്റിയിരുന്നു. അന്വേഷണത്തിനായി കാനഡയിലുള്ള കുടുംബത്തെ മുഴുവനും ചെന്നൈയിലേക്കു വിളിപ്പിച്ചു. അതിന്റെ അന്വേഷണങ്ങൾ ഇപ്പോഴും നടന്നു കൊണ്ടിരിക്കുന്നു. വിദേശങ്ങളിൽ പല രാജ്യങ്ങളായി പ്രവർത്തിക്കുന്ന പ്രാർത്ഥന ഗോപുരങ്ങളിലുള്ള ഡോളറുകൾ പിടിച്ചെടുക്കാൻ ഉള്ള അധികാരം ഇൻഡ്യ ഗവൺമെന്റിനില്ല. വിശ്വാസികൾ ദൈവവേലക്കായി അയയ്കുന്ന പണം തങ്ങളുടെ

**ആഡംബരജീവിതങ്ങൾക്കായി** ഇവർ ഉപയോഗിക്കുന്നു. ഇതുപോലെയുള്ള അനേകം ദൈവവേലക്കാർ **കേരളത്തിലും, തമിഴ്നാട്ടിലും, ഇൻഡ്യയിലും** വ്യാപിച്ചു കിടക്കുന്നു. ഇതുപോലെയുള്ള പരാതികൾ എത്ര തന്നെ വന്നിട്ടും, ഇവരെയൊക്കെ ദൈവവേലക്കാർ എന്നും പറഞ്ഞ് തുടർന്നും ഇവർക്ക് സംഭാവനകൾ നൽകുവാൻ ധാരാളം പേർ ഉണ്ട്. ഇവരെല്ലാം **അശുദ്ധാത്മാക്കളാലാണ്** നടത്തപ്പെടുന്നത് എന്ന് തിരിച്ചറിയുവാൻ ഇന്ന് അനേകർക്കും കഴിയുന്നില്ല. 2020 നവംബർ മാസം, **ഹാർവെസ്റ്റ് റ്റി.വി.** ചാനലിൽ യേശു വിളിക്കുന്നു എന്ന പ്രോഗ്രാമിൽ സഹോ. പോൾ ദിനകരൻ, പ്രാർത്ഥനാ ഗോപുരത്തിൽ ആയിരിക്കുന്ന സഹോദരൻമാർക്കും സഹോദരിമാർക്കും സമ്മാനങ്ങൾ നൽകണമെന്ന് ആഹ്വാനം ചെയ്തു. പ്രാർത്ഥനാഗോപുരത്തിൽ പ്രാർത്ഥിക്കുന്നവരെല്ലാം **കൂലിക്ക് വേണ്ടിയാണ് പ്രാർത്ഥിക്കുന്നത്**. അവർക്ക് **മാസശമ്പളം** ഉണ്ട്. പ്രാർത്ഥനാ ഗോപുരത്തിൽ ഉണ്ടായിരുന്ന ഒരു സഹോദരിയെ ഒരിക്കൽ പുറത്താക്കിയിരുന്നു. ഈ സഹോദരി തന്നെ പുറത്താക്കിയപ്പോൾ, തനിക്ക് ലഭിക്കേണ്ടിയിരുന്ന ശമ്പളവും മറ്റും തന്നില്ല എന്നും പറഞ്ഞ് എന്നോട് പരാതി അയച്ചിരുന്നു. ആ പരാതിയുടെ ഒരു കോപ്പിയെടുത്ത്, എന്റെ ചിട്ടപ്രകാരം, പോൾ ദിനകരനു തന്നെ ഞാൻ അയച്ചു കൊടുത്തു. ഇങ്ങനെ പണത്തിനുവേണ്ടി പ്രാർത്ഥിക്കുന്ന ഇൻഡ്യയിലുള്ള എല്ലാ പ്രാർത്ഥന ഗോപുരങ്ങളിലെ സ്ത്രീകൾക്കും പുരുഷൻമാർക്കും, കേരളത്തിൽ ഹാർവെസ്റ്റ് റ്റി.വി. ചാനൽ വഴിയായി പണം പിരിക്കുന്നു. ഇങ്ങനെ കള്ളക്കണ്ണീരോടെ പ്രാർത്ഥിക്കുന്ന പ്രാർത്ഥന ദൈവം കേൾക്കുമോ? ഡോ. പോൾ ദിനകരൻ നയിക്കുന്ന യേശു വിളിക്കുന്നു പ്രാർത്ഥനാ യോഗങ്ങൾ നടത്തുവാൻ ഇപ്പോൾ ആരും ക്ഷണിക്കുന്നില്ല. **പോൾ യോംഗിചോ** അവർകൾ ജയിലിൽ നിന്നും പുറത്തു വന്നശേഷം തന്റെ പേര് അദ്ദേഹം മാറ്റി. **ഡേവിഡ് യോഗിചോ** എന്നാണ് പുതിയ പേര് വച്ചിരിക്കുന്നത്. **ജയിലിൽ പോയതുകൊണ്ട്** പഴയ പേരിൽ പാസ്പോർട്ട് ഉപയോഗിച്ച് **വിദേശരാജ്യങ്ങളിൽ** പോകുവാൻ സാധിക്കയില്ല. തന്റെ പേര് ഡേവിസ് യോംഗിചോ എന്നു മാറ്റി. എന്നാലും അദ്ദേഹത്തെ പ്രസംഗിക്കുവാൻ ആരും വിളിക്കുന്നില്ല. ഇദ്ദേഹത്തിന്റെ ആരംഭകാല സാക്ഷ്യം വളരെ

ശക്തിയുള്ളതായിരുന്നു. ഞാൻ 1964 –ാം വർഷം രക്ഷിക്കപ്പെട്ട ആദ്യനാളുകളിൽ പ്രശസ്തരായ 3 ദൈവവേലക്കാരുടെ പുസ്തകങ്ങൾ എനിക്കു വാങ്ങിതന്നു. **1. ആസ്വാൾസ് ജെ. സ്മിത്ത് 2. വാച്മാൻ നീ, 3. പോൾ യോഗിചോ**. ഇവർ എഴുതിയ **ആത്മീക പുസ്തകങ്ങൾ** എന്റെ ആത്മീക ജീവിതത്തിൽ **എന്നെ വഴി നടത്തി**. പോൾ യോംഗിചോയുടെ പുസ്തകത്തെ ഞാൻ വായിക്കുമ്പോൾ, വളരെ സാധു കുടുംബത്തിൽ ജനിച്ചു വളർന്ന അദ്ദേഹം ദാരിദ്ര്യത്തിലൂടെ വളർന്ന വ്യക്തിയാണ്. ആഹാരത്തിനുപോലും വഴിയില്ലാതെ ക്ഷീണിച്ച് ക്ഷയരോഗം ബാധിച്ചു, രക്തം ഛർദ്ദിച്ച്, ചികിത്സിക്കുവാൻ പോലും പണമില്ലാതെ കഴിഞ്ഞിരുന്നു. ആ സമയത്ത് **യേശുക്രിസ്തുവിനെ** അറിഞ്ഞ്, ക്രിസ്തുവിനെ തന്റെ **സ്വന്തരക്ഷിതാവായി സ്വീകരിച്ച്**, ദൈവകൃപയാൽ **സൗഖ്യം പ്രാപിച്ച്** ധാരാളം പേർക്ക് **സുവിശേഷം അറിയിച്ച്** ഒരു നല്ല ദൈവവേലക്കാരനായി മാറി. **5 പേരായി കൂടി** പ്രാർത്ഥിച്ചു തുടങ്ങിയ കൂട്ടായ്മ ഇന്ന് **10 ലക്ഷത്തിൽ അധികമായി** ആത്മാക്കളെ ചേർത്ത് ലോകത്തിലെ **ഏറ്റവും വലിയ സഭാപാസ്റ്റർ** എന്ന പേരിന് അർഹനായി. ദൈവം അദ്ദേഹത്തിന് സുവിശേഷം അറിയിക്കുവാനുള്ള താലന്ത് നൽകിയതുകൊണ്ട് അദ്ദേഹത്തിന് പല രാജ്യങ്ങളിലും സുവിശേഷം അറിയിക്കുവാനുള്ള അവസരങ്ങൾ നൽകി. ധാരാളം സമ്പത്ത് വന്നുകൂടി. അതോടെ വൃത്താകൃതിയിൽ വലിയൊരു സഭയെ പണിതു. ഇദ്ദേഹം ജയിലിൽ പോകുന്നതിനുമുൻപ് ആദ്യം ഇദ്ദേഹം വചനത്തെ വിട്ടുമാറി പുതിയ ഉപദേശങ്ങളിലേക്ക് മാറി. ആ ഉപദേശങ്ങളെ **FOURTH DIAMENSION** എന്ന പേരിൽ പുസ്തകങ്ങളാക്കി ലോകം മുഴുവനും വിതരണം ചെയ്തു. ഈ തെറ്റായ ഉപദേശങ്ങളെ ചൂണ്ടിക്കാണിച്ച് **പോൾ യോംഗിചോ** ദൈവത്തെയും ദൈവവചനത്തെയും വിട്ടകന്ന് **വീണുപോയ ദൈവവേലക്കരനെന്ന്** 15 വർഷങ്ങൾക്കുമുൻപെ ഇദ്ദേഹത്തെക്കുറിച്ച് എന്റെ ജാമക്കാരനിൽ എഴുതിയ എല്ലാവരേയും അറിയിച്ചിരുന്നു.

അദ്ദേഹത്തിന്റെ തെറ്റായ ഉപദേശത്തിന്റെ ചില ഉപദേശങ്ങളെക്കുറിച്ച് ഇവിടെ ഞാൻ നിങ്ങളെ അറിയിക്കുന്നു. പുതിയ വായനക്കാർ അത്

അറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

1. നമ്മുടെ പ്രാർത്ഥനക്ക് മറുപടി ലഭിക്കാത്തതിന്റെ കാരണം എന്ന തലക്കെട്ടിൽ അദ്ദേഹം എഴുതിയത്, നമ്മുടെ പ്രാർത്ഥനയിൽ ഒരു കാര്യത്തെക്കുറിച്ച് ദൈവത്തോട് യാചിക്കുമ്പോൾ പ്രാർത്ഥനയിൽ ആവശ്യമായ വിഷയങ്ങളെ വ്യക്തമായും ദൈവത്തോട് അറിയിക്കണം. ഉദാഹരണമായി, **പോൾ യോംഗിചോ** ആയ എന്റെ ജീവിതത്തിൽ ദൈവവേലയ്ക്കുവേണ്ടി **ഒരു സൈക്കിൾ, ഒരു മേശ, ഒരു കസേര** വേണമെന്ന് ഞാൻ ആവശ്യപ്പെട്ടു. 3 ആഴ്ചകൾ കഴിഞ്ഞിട്ടും ആ സാധനങ്ങൾ കിട്ടിയില്ല, അതിനുവേണ്ട പണവും കിട്ടിയില്ല. അപ്പോൾ ഞാൻ ദൈവത്തോടു പറഞ്ഞു, കർത്താവേ, എന്റെ എല്ലാ പ്രാർത്ഥനയ്ക്കും മറുപടി തന്ന അങ്ങ്, ഈ പ്രധാനവിഷയത്തിൽ എന്താണ് മറുപടി തരാത്തത്. ഞാൻ എന്റെ വേലയ്ക്കായിട്ടല്ലല്ലോ ചോദിച്ചത്, നിന്റെ വേലക്കായിട്ടാണല്ലോ ചോദിച്ചത്. അപ്പോൾ ദൈവം എന്നോടുകൂടെ സംസാരിച്ചു. **മകനേ, നീ ചോദിച്ചത് ഞാൻ കേട്ടു. പക്ഷേ, സൈക്കിളിൽ പല വിധങ്ങളുണ്ട്. വളഞ്ഞ ഹാൻഡിൽ ഉള്ളത്, സാധാരണ കൈപ്പിടി ഉള്ളത്, ഇതിൽ ഏതാണ് വേണ്ടതെന്ന് നീ പറഞ്ഞിട്ടില്ല**. അതുപോലെ, **മേശയുടെ നീളവും വീതിയും** എത്രയാണെന്ന് പറഞ്ഞിട്ടില്ല. എന്നാലല്ലേ നിന്റെ വീടിനുള്ളിൽ കയറ്റുവാൻ സാധിക്കുമോ എന്ന് അറിയുവാൻ കഴിയുകയുള്ളൂ. ഏത് **മരത്തിന്റെ തടിയിൽ** ഉണ്ടാക്കേണ്ടതാണ് **മേശയും കസേരയും** എന്നും നീ പറഞ്ഞിട്ടില്ല. **ദൈവം പറഞ്ഞതുപോലെ ഞാൻ പ്രാർത്ഥിച്ചു**. പറഞ്ഞ് **നാലാമത്തെ ദിവസം** തന്നെ ദൈവം, ചില വിശ്വാസികൾ മുഖേന ഞാൻ **ചോദിച്ചതെല്ലാം എനിക്കു ലഭിച്ചു**. ഇതേ ഉപദേശത്തെ എന്റെ സഭയിൽ നടപ്പിലാക്കി. സഭയിലുള്ള സഹോദരി ഒരു ദിവസം എന്റെ അടുക്കൽ വന്ന്, **എന്റെ കല്യാണം നടക്കണം**. അതിനായി പ്രാർത്ഥിക്കണം എന്നു പറഞ്ഞിരുന്നു. ഞാനും പ്രാർത്ഥിച്ചു. 3 വർഷങ്ങളായിട്ടും എനിക്കു വിവാഹം നടന്നിട്ടില്ല എന്നു പറഞ്ഞു. ഉടനെ പാസ്റ്ററായ ഞാൻ ആ സഹോദരിയോടു പറഞ്ഞു, നിന്റെ വിവാഹം നടക്കണം എന്നു നീ പ്രാർത്ഥിച്ചു. നീ വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്ന **പയ്യൻ,**

**ഏതു നിറത്തിലുള്ളവനാണ്, അവന്റെ തലമുടി എങ്ങനെയിരിക്കണം, വണ്ണം ഉള്ളവനോ മെലിഞ്ഞവനോ** എന്നുള്ള വിവരങ്ങളൊന്നും പറയാത്തതുകൊണ്ട് **നിന്റെ വിവാഹം നടന്നില്ല**. അതുകൊണ്ട് ഒരു പേപ്പർ എടുത്ത്, നീ വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്ന ഒരുവന്റെ **ചിത്രം തലമുടി, വണ്ണം, പൊക്കം എന്നിവയെല്ലാം എഴുതി** അതിൽ കൈവച്ചു പ്രാർത്ഥിക്കുവാൻ പറഞ്ഞു. അതുപോലെ അവൾ പ്രാർത്ഥിച്ചു. അടുത്തമാസം തന്നെ ഒരു വിവാഹാലോചന വന്നു. വിവാഹം നടന്നു. അതിൽ 2 കുട്ടികൾ അവർക്കു ജനിച്ചു.

എന്തു മണ്ടത്തരമായ ഉപദേശമാണിത്. **നീ അപേക്ഷിക്കുന്നതിനു മുൻപുതന്നെ നിന്റെ ആവശ്യങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു** എന്നു പറഞ്ഞ നല്ല ദൈവമാണ് നമ്മുടെ ദൈവം. അങ്ങനെയുള്ള ദൈവം മേശയുടെ വീതിയും നീളവും തടിയും പറയാത്തതുകൊണ്ട്, സൈക്കിളിന്റെ കൈപിടിയെക്കുറിച്ചു പറയാത്തതുകൊണ്ട് ആ പ്രാർത്ഥനക്ക് ഞാൻ മറുപടി തന്നില്ല എന്നു പറയുമോ?

ആ സഹോദരിയുടെ വിഷയത്തിൽ തന്നെ വിവാഹം കഴിക്കുന്നവന്റെ ചിത്രവും പൊക്കവും വണ്ണവും മുടിയും ഒക്കെ വരയ്ക്കുവാൻ അറിയാതിരുന്നാൽ, അവർ വരച്ച ചിത്രത്തിലും കുറ്റം കണ്ടു പിടിക്കുമോ? **നീ വരച്ച ചിത്രത്തിൽ പയ്യന്റെ മൂക്ക് നീളം എത്രയെന്ന് നീ എഴുതാത്തതുകൊണ്ട് ഞാൻ നിന്റെ പ്രാർത്ഥന കേൾക്കുന്നില്ല** എന്നു പറയുമോ? വിദ്യാഭ്യാസം ഇല്ലാത്തവൻപോലും ഈ ഉദാഹരണങ്ങളെ കേട്ടാൽ ഒന്നു ചിരിച്ചു പോകും. ഇതാണ് പോൾ




യോംഗിചോയുടെ THE FOURTH DIAMENSION എന്ന പുസ്തകത്തിൽ നിന്നും ഞാൻ എടുത്തെഴുതിയ ഉദാഹരണം.

**നമ്മുടെ ദൈവത്തെ ക്കുറിച്ചുള്ള യഥാർത്ഥ അറിവ്** പോൾ യോംഗിചോയ്ക്ക് **ഇല്ലാതെ പോയി**. വേദപുസ്തകം ശരിക്കും വായിച്ചിട്ടില്ല. വചനത്തെ ശരിക്കും ധ്യാനിച്ചിട്ടില്ല. ഇങ്ങനെയാണ് പലരും **ദൈവത്തെക്കുറിച്ചും വചനത്തെക്കുറിച്ചും** തെറ്റായിട്ട് **വ്യാഖ്യാനിക്കുന്നത്**. ആദ്യം അദ്ദേഹം **തെറ്റായ ഉപദേശത്തിൽ വീണുപോയി**. അടുത്തടുത്ത് പല തെറ്റുകളും ജീവിതത്തിൽ സംഭവിക്കുവാൻ തുടങ്ങി. വരുമാനം വർദ്ധിച്ചു. സ്വഭാവവും മാറി. സഭയിൽ ലഭിക്കുന്ന കാണിയ്ക്കകൾ വർദ്ധിച്ചപ്പോൾ, അതിനെ ഇരട്ടിയാക്കുവാനുള്ള ചിന്ത ഉണ്ടായി. സഭാജനങ്ങളോ കമ്മിറ്റിക്കാരോ അറിയാതെ പണത്തെ **ഷെയർ മാർക്കറ്റിൽ** നിക്ഷേപിച്ചു. ഷെയർ മാർക്കറ്റിൽ നിന്നും നല്ല ലാഭം കിട്ടിയപ്പോൾ അതിനെ വീണ്ടും ഇരട്ടിയാക്കുവാൻ പുതിയ പുതിയ ഷെയർ മാർക്കറ്റുകളെ കണ്ടെത്തി. **സഭാജനങ്ങൾക്ക്** അതിനെക്കുറിച്ചുള്ള വിവരം ലഭിച്ചപ്പോൾ തങ്ങൾ **വഞ്ചിക്കപ്പെട്ടുവെന്നറിഞ്ഞ്** പോലീസിൽ പരാതി നൽകി. **അങ്ങനെ ജയിലിൽ അടയ്ക്കപ്പെട്ടു**.

ഇതേപോലെയാണ് ഇൻഡ്യയിലും **പോൾ ദിനകരന്റെ** യേശുവിളിക്കുന്നു. ദൈവവേലയ്ക്കായി വിശ്വാസികൾ അയയ്ക്കുന്ന പണത്തെ **സ്വർണ്ണക്കട്ടികളായി** വിദേശബാങ്കുകളിൽ ഇട്ട് പണം ഇരട്ടിപ്പിച്ച്, കൂടുതൽ പലിശ ലഭിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തതായി കേൾക്കുന്നു. **യേശു വിളിക്കുന്നു** ദൈവവേലയ്ക്ക് തുടർച്ചയായി **പണം അയച്ചുകൊണ്ടിരുന്ന** ചിലരാണ് തെറ്റായ ഈ വിവരങ്ങളെ **ഇൻകം ടാക്സുകാർക്ക്** ഒറ്റിക്കൊടുത്തത്.

കേരളത്തിൽ **റവ. കെ.പി. യോഹന്നാന്റെ** ആത്മീയയാത്ര സ്ഥാപനത്തിലും ഇതു തന്നെയാണ് നടന്നത്. അദ്ദേഹത്തിന്റെ **ആത്മീയ യാത്ര റേഡിയോ പ്രഭാഷണങ്ങളും മാസിക ശുശ്രൂഷയും** അനേകർക്ക് അനുഗ്രഹമായിരുന്നു. എത്ര കുടുംബങ്ങൾ രക്ഷിക്കപ്പെട്ടു. എത്ര മദ്യപാനികൾ മാനസാന്തരപ്പെട്ടു. **സാധു കൊച്ചു കുഞ്ഞു ഉപദേശിയെപ്പോലെ**

കെ.പി.യോഹന്നാനും ഒരുകാലത്ത് സാധാരണ ജീവിതം നയിച്ചുകൊണ്ട് അനേകർക്ക് **സാക്ഷ്യമായി നിന്നു**. എന്നാൽ, സഭകൾ വർദ്ധിച്ചതിനാലും, **വിദേശത്തു** നിന്നും കൂടുതൽ **പണം ലഭിക്കണമെങ്കിൽ** അദ്ദേഹം ഒരു **ബിഷപ്പ്** ആകണം എന്നുള്ള നിർദ്ദേശം ലഭിച്ചു. ബിഷപ്പ് ആകുവാനുള്ള കൊതിയിൽ തന്റെ തലയിൽ **കൈവെപ്പു ആരാധന** നടത്തുവാൻ **5 ബിഷപ്പുമാരെ** വില കൊടുത്തു **വാങ്ങി**. ഒരു **ബിഷപ്പിനു** മാത്രം അതിലേക്കായി **12 കോടി രൂപ** കൊടുത്തു. അങ്ങനെ **5 ബിഷപ്പുമാർക്കും** പല **കോടികൾ** കൊടുത്താണ്, ബിഷപ്പുമാരാൽ കൈവയ്ക്കപ്പെട്ട് **ബിഷപ്പായി** പ്രഖ്യാപിക്കപ്പെട്ടത്. അങ്ങനെ, ബിഷപ്പായപ്പോൾ **കോടിക്കണക്കിന് രൂപ** വിദേശത്തു നിന്നും ലഭിക്കുകയുണ്ടായി. തന്റെ പണത്തിന്റെ **അമിതമായ വരവ്** സർക്കാരനെ കാട്ടാതവണ്ണം മറയ്ക്കുവാൻ അദ്ദേഹം ശ്രമിച്ചു. ഈ പണത്തെ ഒളിപ്പിക്കുവാൻ തന്റെ പഴയ **അമ്പാസിഡർ കാറിനെ** മോടി പിടിപ്പിച്ച് അതിനകത്ത് **പൂട്ടിവയ്ക്കുകയും**, ഇതിനെ തന്റെ **ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജിന്റെ** കാർ പാർക്കിംഗ് സ്റ്റാൻഡിൽ നിർത്തി വച്ചിരുന്നു. **സമ്പത്ത് വർദ്ധിച്ചപ്പോൾ** ഇദ്ദേഹത്തിന്റെ **സ്വഭാവം മാറി. പെന്തെക്കോസ്ത് സഭാ പാസ്റ്ററായ** ഇദ്ദേഹം ഇപ്പോൾ ഓർത്തഡോക്സ് സഭയുടെ **ബിഷപ്പായി** മാറി, **കുപ്പായവും തൊപ്പിയും** ഇട്ട് പുറത്തെങ്ങും വരാതെ സ്ഥാപനത്തിന്റെ **അകത്തു തന്നെ** ഇരിക്കുന്നു. **ഇൻകം ടാക്സ്** വിഭാഗക്കാർ ഇദ്ദേഹത്തിന്റെ എല്ലാ **ബാങ്കിടപാടുകളും നിർത്തി വച്ചു**. അതുകാരണം, ഇൻഡ്യയിലുള്ള ഏകദേശം 6000 ത്തോളം വരുന്ന ബിലീവേഴ്സ് ചർച്ചിലെ പ്രവർത്തകർക്ക് ശമ്പളം കൊടുക്കുവാൻ സാധിക്കാതെ പോയി. **ജുബ്ബായും മുണ്ടും** ധരിച്ച **പാസ്റ്റർമാരെ** കുപ്പായം ഇടുന്ന **അച്ചൻമാരായി** മാറ്റുവാൻ ശ്രമിച്ചപ്പോൾ പല



പാസ്റ്റർമാരും **സഭ വിട്ടുപോയി.** പല സഭകളും ചിതറിക്കപ്പെട്ടു. സേലത്തു തന്നെ 2 സഭകളിലുള്ള അംഗങ്ങളെല്ലാം മറ്റു സഭകളിലേക്കു പോയി.

ഇതിനുള്ള പ്രധാനകാരണം, ദൈവവേലയെ വ്യാപാരമാക്കുവാൻ ശ്രമിച്ചതാണ്. നമ്മുടെ **സി.എസ്.ഐ.** സഭകളിലും **ലൂഥറൻ സഭകളിലും** ആഴ്ച മുഴുവനും ആരാധനയിൽക്കൂടി ലഭിക്കുന്ന വഴിപാടുകൾ തിങ്കളാഴ്ച തന്നെ **ബാങ്കിൽ നിക്ഷേപിക്കണം** എന്ന് ഒരു നിയമമുണ്ട്. നിയമം പാലിക്കാതെ തമിഴ്നാട്ടിൽ പല സഭകളിലും വിശ്വാസികളുടെ **കാണിയ്ക്ക പണത്തെ പലിശയ്ക്ക് നൽകുന്നതായി കേട്ട്** ഞാൻ ഞെട്ടിപ്പോയി. തള്ളുവണ്ടികളിൽ **ചെറിയ ചെറിയ കച്ചവടങ്ങൾ** നടത്തുന്നവരാണ് ഇങ്ങനെ **പലിശയ്ക്കു വാങ്ങുന്നത്.** പൗലോസ് അപ്പൊസ്തലൻ തിമൊഥെയോസിനോടു പറഞ്ഞതുപോലെ **ദ്രവ്യാഗ്രഹം എല്ലാ തിന്മയ്ക്കും കാരണം** (1 തിമൊ. 6:10). തമിഴ്നാട്ടിലും യേശു വിളിക്കുന്ന സ്ഥാപത്തിന്റെ പണമിടപാടുകളുടെ രഹസ്യത്തെ മനസ്സിലാക്കി ജനങ്ങൾ ഇപ്പോൾ മറ്റൊരു പ്രസംഗകനായ നലുമാവഡിയിലെ **മോഹൻ സി. ലാസറസ്** എന്നു വിളിക്കപ്പെടുന്ന സഹോദരന്റെ അടുക്കൽ പോകുവാൻ തുടങ്ങി. അവരും പ്രാർത്ഥനയിൽ **പേർ വിളിക്കും.** ശബ്ദമുയർത്തി **കരയും.** ഇത് ജനങ്ങളെ കൂടുതലായി ആകർഷിക്കുന്നു. പണം വർദ്ധിച്ചപ്പോൾ 80,000 പേർക്ക് ഒരുമിച്ചിരിക്കാവുന്ന **വലിയ ഒരു ഹാൾ**



**പണിതു. സൂപ്പർ സ്പെഷ്യാലിറ്റി** എന്ന പേരിൽ **വലിയൊരു ആശുപത്രി പണിയുവാൻ** തുടങ്ങി. യേശു വിളിക്കുന്നു സ്ഥാപനത്തിന്റെ **കാരുണ്യ യൂണിവേഴ്സിറ്റി** പല വിധത്തിലും **കോടിക്കണക്കിനു രൂപ** വന്നു ചേരുവാൻ തുടങ്ങി. അതുപോലെയുള്ള നല്ല ഒരു ബിസിനസ് സ്ഥാപനമാണ് **യേശു വിടുവിക്കുന്നു** എന്ന സ്ഥാപനം വഴിയായി **സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ** മോഹൻസി.ലാസറസ് പണിതുകൊണ്ടിരിക്കുന്നത്. തീർച്ചയായും ഈ പദ്ധതിയിലൂടെ ധാരാളം പണം ലഭിക്കുവാൻ സാദ്ധ്യതയുണ്ട്.

ഇപ്പോൾ കേരളത്തിലും ഇദ്ദേഹം ചുവടു വയ്ക്കുവാൻ തുടങ്ങിയിട്ടുണ്ട്. **ഹാർവെസ്റ്റ് റ്റി.വി.** ചാനലിലൂടെ മലയാള തർജ്ജമയോടെ പ്രസംഗിക്കുവാൻ തുടങ്ങിയിട്ടുണ്ട്. ശുശ്രൂഷയുടെ അവസാനം രോഗശാന്തിയ്ക്കായും പ്രാർത്ഥിക്കുന്നുണ്ട്. രോഗശാന്തി ലഭിച്ചവരുടെ സാക്ഷ്യങ്ങളും ഈ ചാനലിലൂടെ കാണിക്കുന്നുണ്ട്. ഇദ്ദേഹത്തിന്റെ ദൈവവേലയ്ക്കു വേണ്ടി **പണപിരിവു** നടത്തുവാൻ **പല ബ്രാഞ്ചുകളും** കേരളത്തിൽ തുടങ്ങിയതായി അറിയുന്നു. ഈ വിഷയങ്ങളിൽ വിശ്വാസികൾ വളരെ ജാഗ്രതയോടെയിരിക്കണം. ദൈവവേലക്കാരെ വിവേചിച്ച് അറിയുവാനുള്ള ജ്ഞാനം ഞങ്ങൾക്കു തരേണമെയെന്ന് വിശ്വാസികൾ പ്രാർത്ഥിക്കണം. **എഫേസോസ് സഭ കള്ള അപ്പൊസ്തലൻമാരെ തിരിച്ചറിയുവാൻ ശ്രമിച്ചു**. അതിൽ അവർ വിജയിക്കുകയും ചെയ്തു. ഇതുപോലെയുള്ള കള്ള ദൈവവേലക്കാരെ പണം അയച്ച് ഉൽസാഹപ്പെടുത്തരുത്. പൗലോസ് അപ്പൊസ്തലൻ പറയുന്നതുപോലെ, ആത്മാവിൽ ആരംഭിച്ച്, ജഡത്തിൽ അവസാനിപ്പിക്കുന്നവരായിരിപ്പാൻ പാടില്ല. ഞാൻ നേരത്തെ സൂചിപ്പിച്ച എല്ലാ ദൈവവേലക്കാരും ആരംഭത്തിൽ ആത്മീയതയിലും വചനത്തിന്റെ അടിസ്ഥാനത്തിലും പ്രവർത്തിച്ചിരുന്നവരാണ്. പക്ഷേ, വചനത്തെ വിട്ടു മാറി, സ്വന്തഹിതപ്രകാരം ദൈവവേല ചെയ്യുമ്പോൾ പോൾ യോംഗിചോ പറഞ്ഞ മറുപടി പോലെ തന്നെ പള്ളി കാണിയ്ക്കയെ ഷെയർ മാർക്കറ്റിൽ നിക്ഷേപിച്ചത്, സഭയ്ക്ക് ലാഭമുണ്ടാക്കുവാനാണ് ഞാൻ അങ്ങനെ ചെയ്തത്. ഇതു വായിക്കുന്ന, വിസ്വാസികളായ വായനക്കാർ തങ്ങളായി തന്നെ വചനങ്ങളെ ഗ്രഹിച്ച ദൈവത്തോടു പ്രാർത്ഥിച്ച്, ഈ **വചനത്തിന്റെ യഥാർത്ഥ അർത്ഥം പരിശുദ്ധാത്മാവ് മുഖാന്തരം എന്നെ പഠിപ്പിക്കേണമേ എന്നു പ്രാർത്ഥിക്കണം**. ഞങ്ങളും മനുഷ്യരാകുന്നു. ബലഹീനപാത്രങ്ങൾ ആകുന്നു. ഞങ്ങളും തെറ്റിപ്പോകുവാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഞങ്ങളിൽ പരിശുദ്ധാത്മാവിനെ വരുത്തി മുദ്രയിട്ട് മരണം വരെ ആത്മീയ ജീവിതത്തിൽ നിലനിൽക്കുവാൻ ദൈവം സഹായിക്കണം എന്നു യാചിക്കുന്നു. ദൈവം നിങ്ങൾ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ. ആമേൻ.

**ഡോ. പുഷ്പരാജ്**

## ജാമക്കാരൻ കുറിപ്പ് :-

# മാർത്തോമ്മ സഭാ വാർത്തകൾ

1963 –ാം വർഷം ഡോ. പുഷ്പരാജ് ആയ എന്നെ കേരളത്തിൽ ആദ്യമായി പരിചയപ്പെടുത്തിയത് മാർത്തോമസഭയാണ്. 1969 മുതൽ 1978 വരെ മാർത്തോമ ബിഷപ്പുമാരും അച്ചൻമാരും പ്രത്യേകമായും മാർത്തോമ വിശ്വാസികൾ (ഇൻഡ്യയിലും വിദേശത്തും ഉള്ളവർ) കുടുംബമായും എന്നോടുകാണിച്ച സ്നേഹം വളരെ വലുതാണ്. ജാമക്കാരനിൽ ഞാൻ ബിഷപ്പുമാരെക്കുറിച്ച് എഴുതിയ കാര്യങ്ങൾ ബിഷപ്പുമാർക്ക് എന്നോടുള്ള പിണക്കത്തിനു കാരണമായി. എന്നാലും ആ സഭയിലെ യഥാർത്ഥ വിശ്വാസികളും യഥാർത്ഥ പട്ടക്കാരും ഒന്നുരണ്ടു ആത്മിക ബിഷപ്പുമാരും ഇപ്പോഴും എന്നെ സ്നേഹിച്ച് ഇതുവരെയും വഴിപാടുകൾ നൽകി സഹായിച്ചുകൊണ്ടിരിക്കുന്നു. ഈ സഭയിൽ നല്ല ആത്മികമാറ്റങ്ങൾ വചനത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകുവാൻ നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. മാർത്തോമ സഭയിലെ എന്റെ എല്ലാ വായനക്കാർക്കും പുതുവർഷ ആശംസകൾ അറിയിക്കുന്നു.

മാർത്തോമ സഭയിൽ അംഗമായിട്ടും **ജീവിത ദൗത്യം** എന്ന പേരിൽ സത്യത്തെ സത്യമായിട്ടു തന്നെ സഭാവിശ്വാസികളെ യഥാസമയം മാസിക മുഖേന വഴി നടത്തുന്ന മാസികയുടെ ചീഫ് എഡിറ്ററായ പ്രൊഫ. സി. മാമച്ചൻ അവർകളെയും സഹ പ്രവർത്തകരായ എല്ലാ എഡിറ്റർമാരേയും അഭിനന്ദിച്ചു കൊണ്ട് പുതിയ വർഷ ആശംസകൾ അറിയിക്കുന്നു. 2021 ഒക്ടോബർ – ഡിസംബർ ലക്കം ജീവിത ദൗത്യം മാസികയുടെ 18–ാം പേജിൽ **വിശകലനം** എന്ന പേരിൽ **ശ്രീ. വിത്സൺ കരിമ്പന്നൂർ** അവർകൾ, **"മാർത്തോമ്മാ സഭ ആചാരവൽക്കരണ ചങ്ങലയിൽ"** എന്ന തലക്കെട്ടിൽ എഴുതിയ വിമർശനാത്മകമായ ലേഖനം എന്നെ വളരെയധികം ആകർഷിച്ചു. ഈ ലേഖനം എഴുതിയ ലേഖകൻ ഒപ്പം മാർത്തോമ്മ സഭാ ചരിത്രത്തേയും

സഭയിൽ നവീകരിക്കപ്പെടേണ്ട വിഷയത്തെക്കുറിച്ച് ആധികാരികമായി എഴുതിയിരുന്നു. ഈ ലേഖനം എന്റെ ആത്മീക ഭാരത്തിൽ പ്രതിധ്വനിക്കുകയുണ്ടായി. അതുകൊണ്ട് 74,000 ജാമക്കാരൻ വായനക്കാരുടെ (ഇൻഡ്യയിലും വിദേശത്തും ഉള്ളവർ) അറിവിലേക്കായി ഈ ലേഖനത്തെ ഞാൻ ജാമക്കാരൻ മാസികയിൽ പ്രസിദ്ധീകരിക്കുന്നു. മാർത്തോമ്മ സഭയിലെ എന്റെ ജാമക്കാരൻ വായനക്കാർ എനിക്കെഴുതിയ കത്തിൽ, മാർത്തോമ്മ സഭ ഇപ്പോൾ കത്തോലിക്കസഭയെപ്പോലെയും, യാക്കോബായ സഭയെപ്പോലെയും മാറിക്കൊണ്ടിരിക്കുന്നതായി പ്രാർത്ഥനക്കായി എഴുതിയിരുന്നു.

സഭ ദൈവത്തിന്റെ ശരീരം ആകുന്നു. യേശുക്രിസ്തു അതിന്റെ തലയായിരിക്കുന്നു. മാർത്തോമ്മ സഭയിൽ നടന്നുകൊണ്ടിരിക്കുന്ന ആധുനിക ചടങ്ങുകളും സമ്പ്രദായങ്ങളും നിമിത്തം ക്രിസ്തുവിന്റെ ശരീരത്തെ വേദനപ്പെടുത്തരുത്. നേരത്തെ കാൽവരിയിൽ കർത്താവ് തന്റെ ശരീരത്തിൽ അനുഭവിച്ച വേദനകൾ മതി എന്നു പറഞ്ഞ് പ്രാർത്ഥിച്ചുകൊണ്ട് എന്റെ മുഖവുര അവസാനിപ്പിക്കുന്നു.

ഡോ. പുഷ്പരാജ്

# വിശകലനം

(വിത്സൺ കരിമ്പന്നൂർ)

## മാർത്തോമ്മാ സഭ ആചാരവൽക്കരണ ചങ്ങലയിൽ

തിരുവിതാംകൂർ റോയൽ കോടതി, കൊല്ലവർഷം 1064 മിഥുനം 30 നു (1889) പുറപ്പെടുവിച്ച വിധി മലങ്കര സഭയിലെ നവീകരണ വിഭാഗത്തിന് പ്രതികൂലമായി ഭവിച്ചു. അതിൻപ്രകാരം നവീകരണ വിഭാഗത്തിന്റെ മുമ്പിൽ രണ്ടു വഴികൾ മാത്രം അവശേഷിച്ചു. ഒന്നുകിൽ അന്ത്യോക്യൻ

പാത്രിയാർക്കിസിന്റെ കീഴിൽ, എല്ലാ നവീകരണാശയങ്ങളും ത്യജിച്ച് ആത്മാഭിമാനം വെടിഞ്ഞ് കഴിയുക. അല്ലെങ്കിൽ **മലങ്കരസഭ പിളർന്ന്** സ്വന്തം നിലപാടിൽ ഉറച്ചു നിന്ന് **സ്വതന്ത്രവഴി** സ്വീകരിക്കുക. ഇതിൽ **രണ്ടാമത്തെ വഴിയാണ്** അഭിമാനികളായ **നവീകരണപക്ഷക്കാർ** സ്വീകരിച്ചത്.

മലങ്കര സഭയിൽ പിളർപ്പുണ്ടായത് ആ സാഹചര്യത്തിൽ ആയിരുന്നു. തോമസ് മാർ അത്താനാസ്സിയോസ് മെത്രാപ്പോലീത്തായെ അനുകൂലിക്കുന്ന വിഭാഗം നവീകരണ സുറിയാനി സഭ എന്ന പേരിൽ ആദ്യം അറിയപ്പെടുകയും, പിന്നീട് മലങ്കര മാർത്തോമ്മാ സുറിയാനി സഭ എന്ന നാമധേയം സ്വീകരിക്കുകയും ചെയ്തു. ആ ചരിത്രം വിസ്മരിച്ചു കൊണ്ട് ഇന്നത്തെ മാർത്തോമ്മാ സഭയ്ക്ക് ഒരു നിലനിൽപ്പ് ഇല്ല.

## അല്പം ചരിത്രം

1836 –ൽ **അബ്രാഹം മല്പാൻ** തുടങ്ങിവച്ച **നവീകരണപ്രക്രിയ** മാത്യൂസ് മാർ അത്താനോസ്യോസിലൂടെ **മുന്നേറി** തോമസ് മാർ അത്താനാസ്സിയോസ് മെത്രാപ്പോലീത്തായിലേക്ക് എത്തുമ്പോൾ **വളരെയധികം മാറ്റങ്ങൾ** സംഭവിച്ചിരുന്നു. അബ്രാഹം മല്പാൻ ഒരിക്കലും അന്ത്യോക്യയുടെ മേലധികാരത്തെ ചോദ്യം ചെയ്തിരുന്നില്ല. തന്നെയുമല്ല തന്റെ സഹോദരപുത്രനെ മർദ്ദീനിലേക്കു അയച്ച്, **അന്ത്യോക്യൻ പാത്രിയർക്കിസിന്റെ കൈവയ്പ്പു** വാങ്ങുകയും ചെയ്തു. എന്നാൽ അബ്രാഹം മൽപ്പാന്റെ പുത്രനായ **തോമസ് മാർ അത്താനാസ്സിയോസിന്റെ** കാലമായപ്പോൾ, കാലികമായ **സ്വതന്ത്ര കാഴ്ചപ്പാട്** ഉണ്ടായി. അതിനാൽ തോമസ് മാർ അത്താനാസ്സിയോസ് അന്ത്യോക്യയുടെ മേലധികാരത്തെ അംഗീകരിച്ചിരുന്നില്ല. റോയൽ കോടതിയിൽ കൊടുത്ത സത്യവാങ്മൂലത്തിൽ, **മലങ്കര സഭ** ഒരു **സ്വതന്ത്ര ഭാരതീയ സഭയാണെന്നും** അതിനാൽ അന്ത്യോക്യൻ പാത്രിയർക്കിസിനു മലങ്കരസഭയിൽ യാതൊരു തരത്തിലുള്ള അധികാരവും ഇല്ലെന്നും ആയിരുന്നു, തോമസ് മാർ അത്താനാസ്സിയോസിന്റെ നിലപാട്.

ഇതിൽ നിന്ന് ഒരു കാര്യം മനസ്സിലാക്കാം; **മലങ്കരസഭയിലെ നവീകരണപ്രക്രിയ** 1836 –ൽ അബ്രാഹം മൽപ്പാനും കൂട്ടരും ആരംഭിച്ചിടത്ത് മാത്രമായി നിന്നില്ല, **അതൊരു തുടർപ്രക്രിയ** ആയി അനസ്യൂതം മുന്നേറുകയായിരുന്നു. അതായത്, കാലത്തിനു അനുസരിച്ച് പുതുക്കപ്പെട്ടു കൊണ്ടിരുന്നു. എന്നാൽ ഇന്ന് പലരും പറയുന്നത്, **അബ്രാഹം മല്പാൻ** 1836 –ൽ ചെയ്തത് മാത്രമാണ് **മാർത്തോമ്മാ സഭയിലെ നവീകരണം** എന്നാണ്. എന്നാൽ വാസ്തവമതല്ല, 1836 നു ശേഷം സഭയിൽ **അനവധി മാറ്റങ്ങൾ** ഉണ്ടായി. സഭ തുടർച്ചയായി **നവീകരിക്കപ്പെട്ടുകൊണ്ടിരുന്നു.**

## നവീകരണ തുടർപ്രക്രിയകൾ

**തോമസ് മാർ അത്താനാസ്സിയോസ്** മെത്രാപ്പോലീത്തയുടെ കാലത്ത് ആരംഭിച്ച സുവിശേഷീകരണ പ്രക്രിയ **നവീകരണ സഭയ്ക്ക് പുത്തനുണർവ്** നൽകി. സഭ പിളരുന്നതിനുമുമ്പ് തന്നെ ആരംഭിച്ച **സുവിശേഷപ്രസംഗസംഘം** (Mar Thoma Evangelistic Association, 1888) സഭയുടെ സുവിശേഷ പ്രവർത്തനത്തിന് ചുക്കാൻ പിടിച്ചു തീത്തോസ് ഒന്നാമന്റെ കാലത്ത് ആരംഭിച്ച **മാരാമൺ കൺവൻഷൻ** സഭയുടെ സുവിശേഷീകരണത്തിനു ഒരു മുതൽക്കൂട്ടായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് **വടക്കൻ തിരുവിതാംകൂർ മിഷൻ** ശക്തി പ്രാപിച്ചു. തീത്തോസ് ഒന്നാമന്റെ കാലത്ത് തന്നെ ആരംഭിച്ച **കടൽത്തീര മിഷൻ, തെക്കൻ തിരുവിതാംകൂർ മിഷൻ** തുടങ്ങിയവ സഭയുടെ **നവീകരണദർശനത്തിന്റെ** മകുടോദാഹരണങ്ങൾ ആണ്.

തീത്തോസ് രണ്ടാമന്റെ കാലത്തും **സുവിശേഷീകരണം** ശക്തി പ്രാപിച്ചു. സഭയ്ക്ക് ഒരു **ഭരണഘടന** ആ കാലഘട്ടത്തിൽ രൂപീകൃതമായി. ഇതൊക്കെ വെളിവാക്കുന്നത് മാർത്തോമ്മാ സഭയുടെ നവീകരണപ്രക്രിയ അനസ്യൂതം തുടർന്നുപോയിരുന്നുവെന്നാണ്.

1923 ലെ സമുദായാലോചന സമിതി (ഇന്നത്തെ സഭാപ്രതിനിധി മണ്ഡലം) **മരിച്ചവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയും, വിശുദ്ധരോടും**

**വിശുദ്ധമതികളോടുമുള്ള പ്രാർത്ഥനയും** നിഷേധിക്കുന്ന പ്രമേയം ഐക്യകണ്ഠ്യേന പാസ്സാക്കിയതും സഭയുടെ **നവീകരണപ്രക്രിയ തുടർന്നതിന്റെ** തെളിവായിരുന്നു. എന്നാൽ **പട്ടക്കാരോടുള്ള കുമ്പസാരം** സഭാപ്രതിനിധി മണ്ഡലം നാല്പതുകളിൽ **അവസാനിപ്പിച്ചു**.

1927 –ൽ സഭയ്ക്ക് ഒരു **തക്സാ** എപ്പിസ്കോപ്പൽ സിനഡ് അംഗീകരിച്ചതും 1942 –ൽ തീത്തോസ് രണ്ടാമൻ അത് പ്രസിദ്ധീകരിച്ചതും സഭയുടെ **നവീകരണ തുടർ പ്രക്രിയകൾ പ്രകടമാക്കുന്നു. സ്ത്രീ വിദ്യാഭ്യാസത്തിന്** പ്രാധാന്യം നൽകിയതും, സഭാപ്രതിനിധി മണ്ഡലത്തിൽ **സ്ത്രീകൾക്ക് അംഗത്വം** നൽകിയതും എടുത്തു പറയേണ്ട **നവീകരണപ്രക്രിയ** ആണ്.

അങ്ങനെ നോക്കുമ്പോൾ, **നവീകരണപ്രക്രിയ** മാർത്തോമ്മാ സഭ മുടക്കം ഇല്ലാതെ എന്നും **തുടർന്നിരുന്നു** എന്നു കാണാം. **സ്ത്രീകൾക്ക്** സഭാപ്രതിനിധി മണ്ഡലത്തിൽ **20% സംവരണം** നൽകിയതും സഭയുടെ സുവിശേഷപ്രവർത്തനങ്ങളുടെ ഭാഗമായി സഭാംഗത്വം ലഭിച്ചവർക്ക് സഭയുടെ സ്ഥാപനങ്ങളിൽ 25 ശതമാനം സംവരണം നൽകിയതും **സി.എസ്.ഐ., സി.എൻ.ഐ. മാർത്തോമാ ജോയിൻ കൗൺസിലുകളും** ഈ തുടർപ്രക്രിയകളുടെ ഒരു **രജതരേഖകളാണ്**. ഇങ്ങനെ എല്ലാ അർത്ഥത്തിലും മാർത്തോമ്മാ സഭ **നവീകരണ പ്രക്രിയ തുടരുമ്പോഴാണ്** തൊണ്ണൂറുകളുടെ അവസാനം ഒരു ദുരന്തം സഭയിൽ നടന്നത്. അതാണ് സഭയെ **ആചാരണവൽക്കരണഗർത്തത്തിലേക്ക്** തള്ളിയിട്ടത്.

## നവീകരണപ്രക്രിയയിലെ ചില അപചയങ്ങൾ

മാർത്തോമ്മാ സഭ അതിന്റെ നവീകരണദർശനങ്ങളുമായി മുന്നോട്ടു പോകുമ്പോൾ, **തൊണ്ണൂറുകളുടെ അവസാന കാലഘട്ടത്തിൽ** ഒരു മെത്രാച്ചന്റെ നേതൃത്വത്തിൽ **ഉപേക്ഷിച്ച ചില കാര്യങ്ങൾ** സഭയിൽ **പുനരാരംഭിക്കുവാൻ** ശ്രമം നടന്നു.

പ്രസ്തുത മെത്രാച്ചൻ ചുമതല വഹിച്ചിരുന്ന ഭദ്രാസനങ്ങളിൽ **പട്ടക്കാർക്ക്**, ചില പ്രത്യേക സമയങ്ങളിൽ **കറുത്ത കുപ്പായം** ധരിക്കണമെന്ന് നിർബന്ധം പിടിച്ചാണ് ആ പരിപാടി **ആരംഭിച്ചത്**. ആ ഭദ്രാസനത്തിലെ ബഹുഭൂരിപക്ഷം അച്ചന്മാരും അത് അനുസരിച്ചതായിട്ടാണ് മനസ്സിലാക്കുവാൻ കഴിഞ്ഞത്.

തുടക്കത്തിൽ പ്രസ്തുത മെത്രാച്ചൻ ചെറുപ്പക്കാരായ കുറെ പട്ടക്കാരെ ഈ കാര്യത്തിന് വേണ്ടി കൂട്ട് പിടിച്ചു. മെത്രാച്ചന്റെ കൂടെ കൂടിയ പട്ടക്കാർക്ക് **നല്ല ഇടവകകളും സ്ഥാനങ്ങളും** ലഭിച്ചു. അത് കണ്ട് ധനസ്ഥാനമോഹികളായ പല പട്ടക്കാരും **ആ വഴി** തിരഞ്ഞെടുത്തു. സഭയിൽ നല്ല പേരുള്ള **ചില സീനിയർ അച്ചന്മാരും** ആ വഴിയേ ഗമിച്ചുവെന്നു പറയാതിരിക്കുവാൻ തരമില്ല.

അതിന്റെ ഭാഗമായി **കോട്ടയം സെമിനാരിയിൽ** തന്റെ പക്ഷക്കാരായ ചില പട്ടക്കാരെ ഈ മെത്രാച്ചൻ **അധ്യാപകർ** ആയി അന്ന് നിയമിച്ചിരുന്നു. അതിലൂടെ സെമിനാരി ഇവർ കയ്യടക്കി. തൽഫലമായി കഴിഞ്ഞ കുറേ വർഷങ്ങളായി പട്ടം കിട്ടിയ അച്ചന്മാരിൽ നല്ലൊരു പങ്ക് **ഇവരുടെ വക്താക്കൾ** ആയി മാറി. അവർ കുറെ യുവജനങ്ങളെ തങ്ങളോടൊപ്പം ചേർത്ത് **ആചാരവൽക്കരണ** പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. ഇന്ന് അവർക്ക് അവരുടേതായ **വാട്സ് ആപ് ഗ്രൂപ്പുകൾ** ഉണ്ട്. ആ മീഡിയാകളിലൂടെ നിരന്തരം **നാം ഉപേക്ഷിച്ചത്** മുഴുവൻ സഭ എന്നും പിന്തുടർന്ന **ആചാരാനുഷ്ഠാനങ്ങൾ ആണെന്ന** ധാരണ സൃഷ്ടിച്ചെടുക്കുകയാണ്. സഭാ സംബന്ധമായി കൂടുതൽ **അറിവില്ലാത്തവർ** അതൊക്കെ **സത്യമാണെന്നു വിശ്വസിക്കുന്നു.**

## ആചാരവൽക്കരണം

മാർത്തോമ്മാ സഭയെ **നവീകരണത്തിന്റെ മുൻപുള്ള കാലഘട്ടത്തിലേക്ക്** നയിക്കുന്ന ഈ പ്രക്രിയയെ **ആചാരവൽക്കരണം** എന്ന്

വിളിക്കാം. **ആചാരവൽക്കരണക്കാർ** സഭയിൽ നടപ്പിലാക്കുവാൻ പദ്ധതിയിട്ട് മുന്നോട്ടു കൊണ്ട് പോകുന്ന **വിഷയങ്ങൾ** താഴെ പറയുന്നു.

1. **പട്ടക്കാർക്കു വർണ്ണക്കുപ്പായം**
2. **അമിത സുറിയാനിവല്ക്കരണം**
3. **അമിത നോമ്പ് ആചരണം**
4. **അമിത കൂദാശവൽക്കരണം**
5. **പുതിയ പെരുന്നാളുകൾ**
6. **ഓർമ്മപ്പെരുന്നാളുകൾ**
7. **മദ്ബഹാ ബാലന്മാർ**
8. **കൊച്ചുപെൺകുട്ടികൾക്കും ശിരോവസ്ത്രം**
9. സിനഡിന്റെ അംഗീകാരമില്ല പ്രസിദ്ധീകരണങ്ങൾ

## പട്ടക്കാർക്കു വർണ്ണക്കുപ്പായം

കഴിഞ്ഞ അരനൂറ്റാണ്ടു കാലത്തെ അനുഭവം വച്ച് പറഞ്ഞാൽ, മാർത്തോമാ സഭയിൽ, **പട്ടക്കാർ വെള്ളക്കുപ്പായം** മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. അതിനു വിരുദ്ധമായി ചില പട്ടക്കാർ ഇപ്പോൾ **കറുത്ത കുപ്പായങ്ങളും മഞ്ഞ കുപ്പായങ്ങളും**, പുറം കുപ്പായങ്ങളായി പല സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതായി കാണുന്നുണ്ട്. ഈ പ്രവണത കൊണ്ട് **സമൂഹത്തിനോ സഭക്കോ ദൈവരാജ്യ കെട്ടു പണിക്കോ** വല്ല നേട്ടവും ഉണ്ടാക്കുവാൻ ആണെങ്കിൽ നമുക്ക് അതിനോട് യോജിക്കാം. എന്നാൽ നാം ഉപേക്ഷിച്ച ഒരു **പാരമ്പര്യത്തിലേക്ക് തിരിച്ചു പോയി** സഭയിലെ നവീകരണപ്രക്രിയയെ കൊഞ്ഞനം കാട്ടുവാനായിട്ടാണ് ഇത് ഉപയോഗിക്കുന്നത്.

വിശുദ്ധ വേദപുസ്തകത്തിൽ പലയിടത്തും **വെള്ളവസ്ത്രത്തെ** പറ്റി പറയുന്നുണ്ട്. രണ്ടു ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

വെളിപ്പാടു 3:5 ‘ജേതാക്കളെല്ലാം അവരെപ്പോലെ **വെള്ളവസ്ത്രം ധരിക്കും**. അവന്റെ പേര് ഞാൻ ജീവന്റെ പുസ്തകത്തിൽ നിന്ന് വെട്ടിക്കളകയില്ല. അവൻ എന്റേതാണെന്ന് ഞാൻ പറയും’.

യോഹന്നാൻ 20:12 ‘യേശുവിന്റെ ശരീരം കിടന്നിരുന്ന ഇടത്തു **വെള്ളവസ്ത്രം** ധരിച്ച രണ്ടു ദൂതന്മാർ ഒരുത്തൻ തലക്കലും ഒരുത്തൻ കാൽക്കലും ഇരിക്കുന്നതു കണ്ടു’.

വേദപുസ്തകത്തിൽ ഇങ്ങനെ വെള്ളയെ മഹത്വീകരിക്കുന്നതു കൊണ്ടാകാം പൊതുവെ ക്രിസ്ത്യാനികൾ **വെള്ളവസ്ത്രത്തിനു പ്രാധാന്യം** നൽകുന്നത്. അതുകൊണ്ടാകാം **മാർത്തോമ്മാ സഭ** പട്ടക്കാർക്ക് **പട്ടം നൽകുമ്പോൾ**, ആ ചടങ്ങിൽ വച്ച് **വെള്ളക്കുപ്പായം** നൽകുന്നത്. **സഭ നൽകാത്ത കുപ്പായങ്ങൾ** ധരിക്കുവാൻ പട്ടക്കാർക്ക് അവകാശമില്ല.

ചില പട്ടക്കാർ **മഞ്ഞക്കുപ്പായം** പുറംകുപ്പായമായി കൂദാശകളിൽ ധരിക്കുന്നുണ്ട്. അതും **കറുത്ത കുപ്പായത്തെ** പ്രോത്സാഹിപ്പിക്കുന്ന മെത്രാച്ചന്റെ താല്പര്യപ്രകാരം ആണ്. പ്രസ്തുത മെത്രാച്ചൻ ഇടവകകൾ സന്ദർശിക്കുമ്പോൾ കുറെ **മഞ്ഞക്കുപ്പായങ്ങൾ** കൂടെ കരുതിയിരിക്കുമെന്നും അവിടെ ആരാധനയിൽ പങ്കെടുക്കുവാൻ വരുന്ന പട്ടക്കാരെക്കൊണ്ട് **നിർബന്ധപൂർവ്വം അത് ധരിപ്പിക്കും** എന്നുമാണ് കേൾക്കുന്നത്. വളരെ അപൂർവ്വം ചില പട്ടക്കാർ ഒഴികെ എല്ലാരും മെത്രാച്ചന്റെ **പ്രീതി കിട്ടുവാൻ** വേണ്ടി ആ **മഞ്ഞക്കുപ്പായം ധരിച്ചിരിക്കും**.

എന്നാൽ അടുത്തിടെ സിനഡ് ഈ മഞ്ഞക്കുപ്പായം ധരിക്കുന്നത് **തടഞ്ഞിട്ടുണ്ടെന്നു** അറിയുന്നു. അത് **തിയോളജിക്കൽ കമ്മീഷന്റെ** പരിഗണനയ്ക്കായി **സമർപ്പിച്ചിരിക്കുന്നു** എന്നാണ് അറിഞ്ഞത്.

## അമിത സുറിയാനിവല്ക്കരണം

**സുറിയാനി** അറിയാത്ത **മലയാളികൾ മാത്രമുള്ള** മലങ്കര സഭയിൽ, **സുറിയാനിയിൽ ആരാധന** നടത്തുന്നതിന്റെ **അർത്ഥശൂന്യത** ബോധ്യപ്പെട്ട അബ്രഹാം മല്പാൻ 1836 ഓഗസ്റ്റ് മാസം 29–ാം തീയതി (കൊല്ലവർഷം 1012

ചിങ്ങം 15 നു), **മലയാളത്തിൽ കുർബ്ബാന** ചൊല്ലിയതിലൂടെ ആണ് **മലങ്കര സഭയിൽ നവീകരണപ്രക്രിയ** ആരംഭിക്കുന്നത്. **മാതൃഭാഷയിൽ** ആരാധന നടത്തേണ്ടതിന്റെ അനിവാര്യത ഏവർക്കും ബോധ്യമാകും. **സ്വന്തം ഹൃദയത്തിന്റെ ഭാഷയിൽ** ദൈവത്തോട് സംവദിക്കുക എന്നത് ഏതൊരു **ഭക്തന്റെയും** ആവശ്യമാണ്. അതിനു പകരം **ഒരിക്കലും മനസ്സിലാകാത്ത** ഭാഷയിൽ ആരാധിക്കുക എന്നത് കഷ്ടമാണല്ലോ.

അതിനാൽ **നവീകരണസഭയായ മാർത്തോമ്മാ സഭ**, മാർ യാക്കോബിന്റെ ക്രമം തർജ്ജമ ചെയ്ത് **ആരാധന പൂർണ്ണമായും മലയാളത്തിൽ** ക്രമീകരിച്ചു. തുടക്കത്തിൽ **മലയാളീകരണത്തെ എതിർത്ത** കേരളത്തിലെ **മറ്റു സഭകൾ** പിന്നീട് ആരാധന മലയാളത്തിലേക്ക് മാറ്റി. എന്നാൽ ഇന്ന് **മാർത്തോമ്മാ സഭയിൽ** കടിച്ചാൽ പൊട്ടാത്ത **സുറിയാനി ചൊല്ലുകൾ** പൂട്ടിന് തേങ്ങാപ്പീര എന്ന കണക്കെ ആരാധനയിൽ ഉൾപ്പെടുത്തുന്ന ഒരു പതിവ് ചില പട്ടക്കാർ തുടങ്ങിയിട്ടുണ്ട്.

നമ്മുടെ സെമിനാരിയിൽ മുമ്പ് **സുറിയാനിക്ക്** കാര്യമായ റോൾ ഒന്നും **ഇല്ലായിരുന്നു**, എന്നാൽ ഇപ്പോൾ സുറിയാനി സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. **കോട്ടയത്ത്** നിന്ന് പഠിച്ചു വരുന്ന പുതിയ **പട്ടക്കാരിൽ** നല്ലൊരു ശതമാനവും ഇങ്ങനെ ആരാധനമദ്ധ്യേ **സുറിയാനി ചൊല്ലുന്നവരാണ്**.

പല ഇടവകകളിലും ബിഷപ്പുമാർ എത്തുമ്പോൾ **സുറിയാനിയിൽ** ഉള്ള **ഒരു മംഗളഗാനം** പാടുന്നത് ഒരു പതിവ് ആയിട്ടുണ്ട്. ഒരു മെത്രാച്ചൻ ആ ഗാനം പാടണമെന്ന് അച്ചന്മാരെ മുൻകൂട്ടി അറിയിക്കുമെന്നും കേട്ടിട്ടുണ്ട്. കൂടാതെ **മെത്രാച്ചന്മാരെ സംബോധന** ചെയ്യുന്നതിന് പുതിയ **കുറെ സുറിയാനിപ്പദങ്ങൾ** ഉപയോഗിക്കുന്ന പതിവും ആരംഭിച്ചിട്ടുണ്ട്. **ആബൂൻ, മോർ** തുടങ്ങിയ പദങ്ങൾ **പേരിന്റെ കൂടെ ചേർക്കുന്ന** പതിവും തുടങ്ങിയിട്ടുണ്ട്.

നമ്മുടെ കാലം ചെയ്ത **ജോസഫ് മാർത്തോമ്മായുടെ ഭൗതീക ശരീരം**

പ്രദർശനത്തിന് വച്ചപ്പോൾ കോട്ടയത്തെ SERI എന്ന സുറിയാനി സ്ഥാപനം 15 മിനിട്ടു നേരം **സുറിയാനിയിൽ ആരാധന** നടത്തിയിരുന്നു. അത് നമ്മുടെ നവീകരണ പാരമ്പര്യത്തെ അവഹേളിച്ച ഒരു സംഭവം ആയിട്ടാണ് ഈ ലേഖകന് തോന്നിയത്. ആ വിഷയം ചൂണ്ടിക്കാട്ടി ഇപ്പോഴത്തെ മെത്രാപ്പോലീത്തയ്ക്ക് ഒരു കത്തെഴുതിയിരുന്നു. ഏതായാലും നമ്മുടെ വലിയ മെത്രാപ്പോലീത്ത കാലം ചെയ്തപ്പോൾ ആ സംഭവം ആവർത്തിച്ചില്ല.

## അമിത നോമ്പ്വൽക്കരണം

നമ്മുടെ സഭകളിൽ **ഉപവാസത്തിനു** നല്ല പ്രാധാന്യം നൽകുന്നുണ്ട്. മാർത്തോമ്മാ സഭാംഗങ്ങൾ പൊതുവെ ഉപവസിക്കുന്നതിൽ താല്പര്യം ഉള്ളവർ ആണ്. **ആഴ്ചയിൽ ഒരു ദിവസം** ഭാഗികമായി ഉപവസിക്കുന്ന അനേകർ മാർത്തോമ്മാ സഭയിൽ ഉണ്ട്. നമ്മുടെ മിക്ക ഇടവകകളിലും വെള്ളിയാഴ്ച ദിവസം **ഉപവാസ പ്രാർത്ഥനകൾ** ഉണ്ട്. അന്നേദിവസം ഒരു നേരം അല്ലെങ്കിൽ രണ്ടു നേരം ഭക്ഷണം വെടിയുന്നവരാണ് ഇങ്ങനെയുള്ള ഉപവാസ പ്രാർത്ഥനകളിൽ പങ്കെടുക്കുന്നവരിൽ ഭൂരിപക്ഷവും.

മാർത്തോമ്മാ സഭ **മാറാനായ പെരുന്നാളുകളുമായി** ബന്ധപ്പെട്ട **നോമ്പുകൾ** മാത്രമേ അനുഷ്ഠിക്കുന്നുള്ളൂ. ഭരണഘടനയുടെ മൂന്നാം വകുപ്പിൽ അത് എഴുതി ചേർത്തിട്ടുണ്ട്. മാറാനായ പെരുന്നാളുകൾ എന്നാൽ **ക്രിസ്തുവിന്റെ ജീവിതവുമായി ബന്ധപ്പെട്ട പെരുന്നാളുകൾ** എന്നർത്ഥം. അതിനാൽ ആണ് നാം ക്രിസ്തുവിന്റെ ജനനത്തിന്റെ സ്മരണയായ ക്രിസ്തുമസ്സിനോട് അനുബന്ധിച്ച് **ഇരുപത്തിയഞ്ച് നോമ്പും**, ക്രൂശുമരത്തിനെയും ഉയിർപ്പിനെയും സ്മരിക്കുന്ന **അൻപത് നോമ്പും** ആചരിക്കുന്നത്. ജനനപ്പെരുന്നാൾ, ഹോശന്ന ഞായർ, ഹാശാ ആഴ്ച, ഉയിർപ്പ്, പെന്തിക്കുസ്തി, സ്വർഗ്ഗാരോഹണം തുടങ്ങിയവ സഭ ആചരിക്കുന്നുണ്ട്.

ഒരു സഭയും അവർ ആചരിക്കാത്ത പെരുന്നാളുകളോട് ബന്ധപ്പെട്ട നോമ്പുകൾ ആചരിക്കാറില്ല. **മാർത്തോമ്മാ സഭ ശ്ളീഹപ്പെരുന്നാളുകളോ മറിയാമിന്റെ** പെരുന്നാളുകളോ അതിനോട് ബന്ധപ്പെട്ട നോമ്പുകളോ

**ആചരിക്കുന്നില്ല**. അബ്രാഹം മൽപ്പാനും കൈതയിൽ ഗീവർഗ്ഗീസ് മൽപ്പാനും ഉൽപ്പെടെയുള്ളവർക്കുണ്ടായ നവീകരണദർശനത്തിൽ നിന്നുണ്ടായ സഭ, **ക്രിസ്തുവിലൂടെയുള്ള മധ്യസ്ഥത** മാത്രമേ അംഗീകരിക്കുന്നുള്ളൂ. അതുകൊണ്ടാണ് **മാറാനായ പെരുന്നാളുമായി** ബന്ധപ്പെട്ട നോമ്പുകൾ മാത്രം **മാർത്തോമ്മാസഭ അനുഷ്ഠിക്കുന്നത്**.

വിശുദ്ധന്മാരുടെയോ മറിയാമിന്റെയോ മധ്യസ്ഥത അംഗീകരിക്കുന്ന സഭകൾ 25 നോമ്പും, 50 നോമ്പും കൂടാതെ മറ്റ് നോമ്പുകൾ കൂടി ആചരിക്കുന്നുണ്ട്. **3 നോമ്പ്** (യോനാ), **13 നോമ്പ്, ശ്ലീഹാ നോമ്പ്, പതിനഞ്ചു നോമ്പ്, മറിയയുടെ വാങ്ങിപ്പെരുന്നാൾ, 8 നോമ്പ് മറിയയുടെ ജനനപ്പെരുന്നാൾ തുടങ്ങിയവ**. ഇപ്പോൾ ഇവ മാർത്തോമ്മാ സഭയിൽ ആചരിക്കുവാൻ സോഷ്യൽ മീഡിയായിൽ കൊണ്ടു പിടിച്ച ശ്രമം നടക്കുന്നുണ്ട്.

ഒരു സഭയും അവർ നോമ്പ് ആചരിക്കുന്ന ദിനങ്ങളിൽ വിവാഹം പോലുള്ള ചടങ്ങുകൾ അനുവദിക്കുന്നതല്ല (ചില പ്രത്യേക സന്ദർഭങ്ങളിൽ ലൈസൻസ് എടുത്ത്, നോമ്പ് കാലത്ത് വിവാഹം നടത്തുവാൻ ഭദ്രാസന എപ്പിസ്കൊപ്പാമാർ അനുവദിക്കാറുണ്ട്. ഇരുപത്തിയഞ്ച് നോമ്പ് കാലത്തും വലിയനോമ്പ് കാലത്തും ഞായർ, വെള്ളി ഒഴികെയുള്ള ഏത് ദിവസങ്ങളിലും വിവാഹം നടത്തുവാൻ മാർത്തോമ്മാ സഭയിൽ അനുവാദം ഉണ്ട്. അതിനാൽ പ്രസ്തുത നോമ്പുകൾ ഒഴികെയുള്ള **യാതൊരു നോമ്പുകളും** മാർത്തോമ്മാസഭ ഔദ്യോഗികമായി **ആചരിക്കുന്നില്ല** എന്ന് വ്യക്തമാണ്.

## സൺഡേസ്കൂൾ സിലബസിൽ മാറ്റം വരുത്തി

ആചാരവൽക്കരണ അനുഭാവികൾ സഭയുടെ ഔദ്യോഗിക പ്രസ്ഥാനങ്ങളിൽ കൈ കടത്തി പലതും അവർക്കു അനുകൂലമാക്കി മാറ്റുന്നുണ്ട്. അതിന്റെ ഒരു തെളിവാണ് **സൺഡേസ്കൂൾ സിലബസിൽ** മാറ്റം വരുത്തിയത്. ചില പുസ്തകങ്ങളിൽ തിരുത്തലുകൾ നടത്തുന്നുമുണ്ട്.

ഉദാഹരണമായി **മധ്യവകുപ്പിലെ നോമ്പ്** എന്ന അദ്ധ്യായം എടുക്കാം. പഴയ പുസ്തകത്തിൽ **മാറാനായ പെരുന്നാളുകളോട്** ബന്ധപ്പെട്ട **രണ്ടു നോമ്പുകളെ** സഭ ആചരിക്കുന്നുള്ളു എന്ന് എഴുതിയിരിക്കുന്നു. എന്നാൽ **ഇപ്പോൾ ഉള്ള പുസ്തകത്തിൽ** അത് മാറ്റി **5 നോമ്പുകൾ** ആചരിക്കുന്നുണ്ടെന്ന് എഴുതിയിരിക്കുന്നു.

## വലിയനോമ്പ് നമസ്കാരക്രമം

മാർത്തോമ്മാ സഭയിൽ ഇപ്പോൾ 50 ദിവസവും നോമ്പ് ആചരിക്കുന്നതിനായിട്ട്, ഒരു **നമസ്കാരക്രമ പുസ്തകം** ആചാരവൽക്കരണ ലോബി പ്രസിദ്ധീകരിച്ചിട്ടുണ്ട് സഭയുടെ പ്രസിദ്ധീകരണവിഭാഗമോ സിനഡോ അംഗീകരിച്ച ഒരു ഔദ്യോഗിക പുസ്തകം അല്ല. അതിന്റെ ആമുഖം എഴുതിയത് കാലം ചെയ്ത ജോസഫ് മാർതോമ്മയാണ്. അതിനാൽ അദ്ദേഹം അംഗീകരിച്ചതെന്ന കുറിപ്പോടെ കൂടിയാണ് അത് പ്രസിദ്ധീകരിച്ചിരിക്കുന്നത്. അത് നവീകരണ **സഭയുടെ വിശ്വാസവും** ആയി **യാതൊരു പൊരുത്തവും** ഇല്ലാത്തതാണ്.

പ്രസ്തുത നമസ്കാരക്രമത്തിൽ അനവധി വിശ്വാസവിരുദ്ധത കടന്നു കൂടിയിട്ടുണ്ട്. 69, 70 പേജുകളിലെ ***കോലൊ*** യിൽ എഴുതിയിട്ടുള്ള വരികൾ ആണ് ഏറ്റവും തമാശയായി തോന്നിയത്.

***സ്വർഗത്തിലേക്ക് പ്രവേശിപ്പാൻ ഞങ്ങളുടെ ആത്മാക്കൾക്ക് ആത്മീയ ചിറകുകൾ നൽകുന്ന വെണ്മയേറിയ നോമ്പ് ഇതാകുന്നു***.

'**നോമ്പിലും നമസ്കാരത്തിലും** സന്തോഷപൂർവ്വം താത്പര്യപ്പെട്ടിരിക്കുന്നവനു **ഭാഗ്യം. മോക്ഷവും സന്തോഷങ്ങളുടെ മണവറയും** അവനായിട്ടു തുറക്കപ്പെടുന്നു.

അതിലെ ഈ വരികൾ, നോമ്പ് നോക്കിയാൽ **സ്വർഗ്ഗം കിട്ടുമെന്ന് ആവർത്തിച്ച്** പറയുകയാണ്. ഇതുപോലെ അനവധി **അബദ്ധജടില** പ്രയോഗങ്ങൾ അതിൽ ഉണ്ട്.

## അമിത കൂദാശവൽക്കരണം

ഇന്ന് **കൂദാശവൽക്കരണം** വളരെ കൂടുകയാണ്. **വീടിനു വാനം** തോണ്ടുന്നതിന് പട്ടക്കാരൻ വാഴ്ത്തണം. പട്ടക്കാരൻ **വാഴ്ത്തിയ കല്ലിടണം, കട്ടിളവയ്പ്പ്, ഉത്തരം വയ്പ്പ്** എല്ലാം പട്ടക്കാരൻ ചെയ്യണം എന്ന സ്ഥിതിയിൽ കാര്യങ്ങൾ എത്തി നിൽക്കുന്നു. **മെത്രാനച്ചന്മാർ വാഴ്ത്തിയ കല്ലുകൾ** വാങ്ങിക്കൊണ്ടു പോയി ദൂരെയുള്ള സ്ഥലങ്ങളിൽ കല്ലിടാറുണ്ടെന്നും കേൾക്കുന്നു. കുർബാന കൊള്ളുന്നവരുടെ എണ്ണം വർധിച്ചു. പള്ളിയിൽ വരുന്നവർ എല്ലാവരും കുർബ്ബാന കൊള്ളുന്ന അവസ്ഥയാണിപ്പോൾ. പലരും **അനുതപിക്കാതെ** ആണ് കുർബ്ബാന കൊള്ളുന്നത്. അനുതാപം ഒന്നും ഒരു വിഷയമല്ല. **അനുഷ്ഠാനം** ആണ് വിഷയം.

## മാർത്തോമ്മാ സഭയിലെ പെരുന്നാളുകൾ

ഇപ്പോൾ ഒരിക്കലും കേട്ടിട്ടില്ലാത്ത പല **പുതിയ പെരുന്നാളുകൾ** സഭയിൽ ഉണ്ടെന്നു കേൾക്കുന്നു. തിരുവനന്തപുരം കൊല്ലം ഭദ്രാസനത്തിലെ '**എക്ലേസിയ**' എന്ന വാർത്താപത്രികയിൽ നിന്നും ലഭിച്ച ചില പെരുന്നാളുകളുടെ വിവരങ്ങൾക്ക് താഴെ കൊടുക്കുന്നു.

## പുതിയ പെരുന്നാളുകൾ

**ശിശുവധ പെരുന്നാൾ, ദനഹാ പെരുന്നാൾ, ഗസൂർത്തൊ പെരുന്നാൾ, വചനിപ്പ് പെരുന്നാൾ, മായൽത്തോ പെരുന്നാൾ, സുബൊറോ പെരുന്നാൾ, സുലോക്കോ പെരുന്നാൾ, കൂദോശ് ഈത്തോ പെരുന്നാൾ, ഹുദോശ് ഈത്തോ പെരുന്നാൾ.**

ഇതിൽ എത്ര എണ്ണം സാധാരണക്കാരായ മാർത്തോമ്മാക്കാർക്കു അറിയാം? മിക്കവർക്കും അറിയില്ല. കാരണം; നാം ഈ പെരുന്നാളുകൾ ഒന്നും ആചരിച്ചിരുന്നില്ല. അന്ത്യോക്യയുടെ ആചാരങ്ങൾ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കുന്നവർക്ക് ഇതൊക്കെ ഒഴിവാക്കുവാൻ പറ്റില്ല.

## ഓർമ്മപ്പെരുന്നാളുകൾ

തിരുവനന്തപുരം കൊല്ലം ഭദ്രാസന വാർത്താപത്രികയായ 'എക്ലേസിയ'യിൽ വന്ന ലേഖനങ്ങളിൽ നിന്ന് മനസ്സിലാക്കിയ **ഓർമ്മപ്പെരുന്നാളുകളുടെ ലിസ്റ്റാണ്** ചുവടെ നൽകുന്നത്.

**വിശുദ്ധ സ്തേഫനോസിന്റെ നാൾ, മാർ യോഹന്നാൻ ശ്ലീഹ നാൾ, മാർ പത്രോസ് പൗലോസ് ശ്ലീഹ നാൾ, പന്ത്രണ്ട് അപ്പോസ്തോലന്മാരുടെ ദിനം, മാർത്തോമ്മാ ശ്ലീഹ നാൾ, മാർ യാക്കോബ് ശ്ലീഹ നാൾ, മാർ മത്തായി ശ്ലീഹ നാൾ, സകല പരിശുദ്ധരുടെയും നാൾ, മാർ അന്ത്രയോസ് ശ്ലീഹ നാൾ** ഇങ്ങനെയുള്ള ഓർമ്മപ്പെരുന്നാളുകൾ മാർത്തോമ്മാ സഭ ആചരിച്ചിരുന്നതായി അറിയില്ല. എന്നാൽ ഇതൊക്കെ അവിടെയും ഇവിടെയും ആചരിച്ചു തുടങ്ങിയിട്ടുണ്ട്.

## മദ്ബഹാ ബാലന്മാർ (Alter Boys)

മാർത്തോമ്മാ സഭയിൽ ഇപ്പോൾ **മദ്ബഹാ ബാലന്മാരും** ഇവർക്ക് കുപ്പായങ്ങളും ആരംഭിച്ചിരിക്കുന്നു. അതുകൂടാതെ അല്മായ ശുശ്രൂഷകന്മാർക്കുള്ള **കുപ്പായങ്ങൾ** മെത്രാച്ചന്മാരെക്കൊണ്ട് **വാഴ്ത്തുന്ന** ഒരു ചടങ്ങും ആരംഭിച്ചിരിക്കുന്നു. കൗമാരക്കാരെ മദ്ഹബഹയിൽ അസിസ്റ്റ് ചെയുവാൻ അനുവദിക്കുന്നതിനെ ഒരിക്കലും എതിർക്കുന്നില്ല. അങ്ങനെ അവർക്കു അവസരം നൽകണം. മിക്കവാറും എല്ലാ ഇടവകകളിലും കൗമാരക്കാർക്ക് അവസരം നല്കുന്നുണ്ടായിരുന്നു. ഏതാനും ചിലരെ മാത്രം തിരഞ്ഞെടുത്തത് സ്ഥിരമാക്കിയപ്പോൾ, അത് മറ്റുള്ളവരെ അവഗണിക്കുവാൻ കാരണമാകുന്നു. ഇതിന്റെ പിന്നിലെ മനോഭാവം വ്യക്തമാണ്, **ഓർത്തഡോക ്സ്, യാക്കോബായ** സഭകളിൽ ഉള്ളതിനാൽ നമുക്കും വേണമെന്നുള്ളതാണ്. ആ **കാഴ്ചപ്പാടിൽ** ആണ് ഇന്ന് **മാർത്തോമ സഭയിൽ** പലതും **കാട്ടിക്കൂട്ടുന്നത്**.

## കൊച്ചു പെൺകുട്ടികൾക്ക് ശിരോവസ്ത്രം

ഇപ്പോൾ വെറും **കൊച്ചു പെൺകുട്ടികളെയും** നിർബന്ധിച്ച് **ശിരോവസ്ത്രം ധരിപ്പിക്കുന്ന** ഒരു പതിവ് പല പള്ളികളിലും ആരംഭിച്ചിട്ടുണ്ട്.

അതിനു ചില പട്ടക്കാരും ഒരു ബിഷപ്പും താല്പര്യം എടുക്കുന്നതായി അറിയുന്നു. **ശിരോ വസ്ത്രം അണിയാതെ** ഒരു പെൺകുട്ടി പോലും ഇപ്പോൾ **ആദ്യ കുർബ്ബാന കൊള്ളില്ല**. മറ്റു സഭകളെ **അനുകരിക്കുന്നതിൽ** നാം മുൻപിൽ ആയിരുന്നുവെന്ന് ചുരുക്കം.

**സിനഡിന്റെ അംഗീകാരമില്ലത്ത പ്രസിദ്ധീകരണങ്ങൾ**

സഭയിൽ മുൻമ്പ് ഇല്ലാത്ത **നമസ്കാര ക്രമങ്ങളും ആരാധന പുസ്തകങ്ങളും**, ഇപ്പോൾ സഭ പ്രസിദ്ധീകരണ സമിതിയുടെയോ അംഗീകാരമില്ലാത്ത സഭയുടെ പേരിൽ പ്രസിദ്ധീകരിക്കുന്ന **ഭരണ ഘടന വിരുദ്ധമായ** നിലപാട് **ആചാരവൽക്കരണലോബി** ആരംഭിച്ചിരിക്കുന്നു. ഇങ്ങനെ പ്രസിദ്ധീകരിച്ചതാണ് **വലിയനോമ്പ് നമസ്കാരക്രമം** : 'മോറനായപ്പേരുന്നളുകളുടെ ശുശ്രുഷാക്രമത്തിൽ', സഭയിൽ ഇല്ലാത്ത **6 ക്രമങ്ങൾ കൂടി ചേർത്ത്** പ്രസിദ്ധീകരിച്ചിരിക്കുന്നു. അതിനും സഭാപ്രസിദ്ധീകരണ സമിതിയുടെയോ സിനാടിന്റെയോ അംഗീകാരമില്ല.

സഭയുടെ അനിമേഷൻ സെന്ററിനെ ആചാരവൽക്കരണ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ ദുരുപയോഹപ്പെടുത്തുന്നുണ്ട്. ആ സെന്റർ അടുത്ത കാലത്ത് പ്രസിദീകരിച്ച '**മലങ്കര മാർത്തോമാ സഭയുടെ പ്രോമ്യോൻ സെദറകൾ** എന്ന പുസ്തകത്തിൽ സഭയുടെ വിശ്വാസത്തിനു നിരക്കാത്ത പലതും ചേർത്തിട്ടുണ്ട്. സഭ ആചരിക്കാത്ത **15 നോമ്പിന്റെ ശുശ്രൂഷാക്രമവും** അതിൽ തിരുകികയറ്റിയിട്ടുണ്ട്. അതും സിനഡ് അംഗീകരിച്ചതല്ല.

അനിമേഷൻ സെന്റര് പ്രസിദ്ധീകരിച്ച **ശുശ്രൂഷ ഗീതങ്ങളുടെ ചൊല്ലുകൾ** പോലും നമ്മൾ ഉപയോഹിക്കുന്ന രീതിയിൽ ആയിരുന്നില്ല. പകരം **യാക്കോബായ / ഓർത്തഡോക്സ്** സഭകൾ ഉപയോഹിക്കുന്ന രീതിയിലുള്ള **ചൊല്ലുകൾ** ആയിരുന്നു. ചുരുക്കത്തിൽ എല്ലാ അർത്ഥത്തിലും **മാർത്തോമാ സഭയുടെ തനിമ ഇല്ലാതാക്കി** ഈ സഭയെ യാക്കോബായ / ഓർത്തഡോക ്സ് സഭയാക്കി മാറ്റുക എന്നതാണ് ഈ ലോബിയുടെ ലക്ഷ്യം.

**ആരാധനവൽക്കരണ ബോധവൽക്കരണ പരിപാടികൾ**

ഒരു മെത്രാച്ചനും കുറെ പട്ടക്കാരും കുറെ അല്മയരും നിരന്തരമായി സഭയിൽ **യാക്കോബായ / ഓർത്തഡോക്സ് വിശ്വാസങ്ങൾ** പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. അതിനു വേണ്ടി നിരന്തര **ബോധവൽക്കരണ പരിപാടികൾ** അവർ നടത്തുന്നുണ്ട്. **സഭയുടെ സ്ഥാപനങ്ങൾ, സംഘടനകൾ, സോഷ്യൽ മീഡിയ** തുടങ്ങിയ അനവധി മാർഗ്ഗങ്ങൾ അവർ ഉപയോഹിക്കുന്നു. ഇതിന്റെ പിന്നിൽ ഒരു മെത്രാച്ചൻ ഉണ്ടെന്നുള്ളതാണ് ഏറ്റവും ദുഃഖകരമായ വസ്തുത. ആചാരവൽക്കരണലോബി **തിയോളജിക്കൽ സെമിനാരികൾ, സഭ പ്രസിദ്ധീകരണ സ്ഥാപനങ്ങൾ, അനിമേഷൻ സെന്റർ** തുടങ്ങിയവയും **സൺഡേസ്കൂൾ, യുവജനസംഖ്യം, സേവികാസംഘം** തുടങ്ങിയ സംഘടനകളും തങ്ങളുടെ അജണ്ടകൾ നടപ്പിലാക്കുവാനുള്ള വേദികളായി ഉപയോഹിക്കുന്നുണ്ട്. കൂടാതെ സോഷ്യൽ മീഡിയയിൽ കൂടി **സാധാരണക്കാർക്ക് ക്ലാസ്സ് എടുത്ത്** അവരെ വഴി തെറ്റിക്കുന്ന പരിപാടിയും നടക്കുന്നുണ്ട്.

**നവീകരണ സഭയുടെ തനിമ നഷ്ടപ്പെടുത്തുന്നു**

കഴിഞ്ഞ ഇരുപതിലധികം വർഷങ്ങളായി ഈ ലോബി **മാർത്തോമാ സഭയുടെ തനിമ** നഷ്ടപ്പെടുത്തുവാൻ വേണ്ടി നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതൊന്നും കണ്ട് തിരുത്തുവാനോ, നടപടികൾ എടുക്കുവാനോ ശ്രമിച്ചിട്ടില്ല. ഇനിയും ഈ അവസ്ഥ മനസിലാക്കി വേണ്ട **തിരുത്തലുകളും നടപടികളും** സ്വീകരിച്ചെങ്കിൽ മാർത്തോമാ സഭയുടെ **തനിമ** എന്നെന്നേക്കുമായി **നഷ്ടപ്പെടും. മാർത്തോമാ സഭ യാക്കോബായ സഭയുടെ ഒരു ബി ടീം (B Team) ആയി മാറും**. സമൂഹത്തിനു മാതൃകയായി, ക്രിസ്തീയ മൂല്യങ്ങളിൽ അടിയുറച്ച് നിന്ന മാർത്തോമാ സഭയോട് തനിമ ഇനിയൊരിക്കലും തിരിച്ചുവരാനാവാത്ത വിധം ഇല്ലാതാകും. അങ്ങനെയൊരവസ്ഥ വരാതിരിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

## അനുമോദനം

# തിരുനെൽവേലി C.S.I. ഡയോസിസിന് പുതിയ ബിഷപ്പ്



ഏഷ്യയിൽ തന്നെ ഏറ്റവും കൂടുതൽ സഭകൾ ഉള്ള ഡയോസിസാണ് തിരുനെൽവേലി ഡയോസിസ്. ഈ ഡയോസിസിന്റെ പുതിയ ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട **Rt. Rev. A.R.G.S.T. ബർണബാസ്** അവർകളെ എന്റെ സ്വന്തപേരിലും ജാമക്കാരന്റെ ഇൻഡ്യയിലും വിദേശത്തുമുള്ള എല്ലാ വായനക്കാരുടെ പേരിലും അനുമോദിക്കുന്നു. കർത്താവ് പുതിയ ബിഷപ്പ് അവർകളെയും – പുതിയ ഡയോസിസ് ഭാരവാഹികളെയും അനുഗ്രഹിക്കുമാറാകട്ടെ.

കഴിഞ്ഞ ചില വർഷങ്ങളായി പ്രശ്നങ്ങൾ കാരണം, ഹൈക്കോടതി നിർദ്ദേശിച്ച റിട്ടയേർഡ് ജഡ്ജിമാരും ഓഡിറ്റർമാരുമാണ് ഈ ഡയോസിസിന്റെ ഭരണചുമതല ഏറ്റെടുത്ത് നടത്തിയിരുന്നത്. ബിഷപ്പ് തെരഞ്ഞെടുപ്പ് കഴിഞ്ഞയുടനെതന്നെ, ഡയോസിസിന്റെ ചുമതലകൾ, മോഡറേറ്റർ ബിഷപ്പ് – ലേ സെക്രട്ടറി, അവരുടെ കൈകളിൽ ഏൽപിച്ചു. ഇനി ഡയോസിസിന്റെ ഏതു പ്രശ്നങ്ങളും കോടതിയിൽ പോകാതെ, ഡയോസിസിനുള്ളിൽ തന്നെ, സംസാരിച്ച് സമാധാനമായി പരിഹാരം ഉണ്ടാക്കി മുന്നോട്ടു പോകുവാൻ ദൈവം അനുഗ്രഹിക്കട്ടെ.

**FEBRUARY -2022**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.